# ലോകമിഷൻ ഞായർ - 2014

## ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

**പ്രിയ സഹോദരീസഹോദരന്മാരേ,**

ഇന്നും ധാരാളം പേർ ക്രിസ്തുവിനെ അറിയുന്നില്ല. അതുകൊണ്ട് ക്രിസ്തുവിനെ അറിയാത്തവരെ സംബന്ധിച്ച പ്രേഷിതവേല അടിയന്തിരസ്വാഭാവമുള്ള ഒന്നാണ്. സഭയുടെ എല്ലാ അംഗങ്ങളും ഈ ദൗത്യത്തിൽ പങ്കുചേരാൻ കടപ്പെട്ടവരാണ്. എന്തെന്നാൽ സഭ പ്രകൃത്യാ പ്രേഷിതയാണ്. 'മുന്നേറാൻ' ജനിച്ചവളാണു സഭ. ലോകമിഷൻദിനം സവിശേഷാനുകൂല്യമുള്ള ദിവസമാണ്. അന്ന് വിവിധ ഭൂഖണ്ഡങ്ങളിലെ വിശ്വാസികൾ, മിഷൻ പ്രദേശങ്ങളിലുള്ള യുവസഭകൾക്ക് സഹായം നല്കാൻ പ്രാർത്ഥിക്കുകയും മൂർത്തമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു. അത് കൃപാവരത്തിന്റെയും സന്തോഷത്തിന്റെയും ആഘോഷമാണ്.

അതു കൃപാവരത്തിന്റെ ആഘോഷമാണ്. കാരണം, പിതാവ് അയച്ച പരിശുദ്ധാത്മാവ്, അവിടത്തെ പ്രവർത്തനത്തോടു വിധേയത്വമുള്ളവർക്ക് ജ്ഞാനവും ശക്തിയും നല്കുന്നു. അത് സന്തോഷത്തിന്റെ ആഘോഷമാണ്. എന്തെന്നാൽ പിതാവായ ദൈവത്തിന്റെ പുത്രനും ലോകത്തെ സുവിശേഷവത്കരിക്കാൻ അയയ്ക്കപ്പെട്ടവനുമായ യേശുക്രിസ്തുനമ്മുടെ പ്രേഷിതവേലയെ സഹായിക്കുകയും നമ്മോടൊപ്പം സഞ്ചരിക്കുകയും ചെയ്യുന്നു. യേശുവിന്റെയും പ്രേഷിതരായ ശിഷ്യരുടെയും സന്തോഷത്തിന് ലൂക്കായുടെ സുവിശേഷത്തിൽ കാണുന്ന (cf 10:21-23) ബൈബിൾപരമായ ഒരു ഐക്കൺ നിർദേശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

1. ദൈവരാജ്യം സമീപിച്ചിരിക്കുന്നുവെന്ന് പ്രസംഗിക്കാനും യേശുവിനെ കണ്ടുമുട്ടാൻ ജനങ്ങളെ ഒരുക്കാനും വേണ്ടി കർത്താവ് എഴുപത്തിരണ്ടു ശിഷ്യന്മാരെ ഈരണ്ടുപേരെവീതം നഗരങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും അയച്ചുവെന്നു സുവിശേഷകൻ പറയുന്നു. ഈ പ്രഘോഷണദൗത്യം നിർവഹിച്ചിട്ട് ശിഷ്യന്മാർ സന്തോഷഭരിതരായി തിരിച്ചുവന്നു. പ്രഥമവും അവിസ്മരണീയവുമായ ഈ പ്രേഷിതത്വാനുഭവത്തിന്റെ പ്രബലമായ ഒരു പ്രമേയം സന്തോഷമാണ്. എന്നാലും ദിവ്യഗുരു അവരോട് ഇങ്ങനെ പറഞ്ഞു: "പിശാചുക്കൾ നിങ്ങൾക്കു കീഴടങ്ങുന്നു എന്നതിൽ നിങ്ങൾ സന്തോഷിക്കേണ്ട; മറിച്ച് നിങ്ങളുടെ പേരുകൾ സ്വർഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിൽ സന്തോഷിക്കുവിൻ. ആ സമയം തന്നെ പരിശുദ്ധാത്മാവിൽ ആനന്ദിച്ച് അവൻ പറഞ്ഞു: സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവായ പിതാവേ, അവിടത്തെ ഞാൻ സ്തുതിക്കുന്നു... അവൻ ശിഷ്യരുടെ നേരേ തിരിഞ്ഞ് അവരോടു മാത്രമായി പറഞ്ഞു: നിങ്ങൾ കാണുന്നവ കാണുന്ന കണ്ണുകൾ ഭാഗ്യമുള്ളവ" (ലൂക്കാ 10:20-21;23).





വിശുദ്ധ ലൂക്കാ ഇവിടെ മൂന്നു രംഗങ്ങൾ അവതരിപ്പിക്കുന്നു: യേശു ആദ്യം തന്റെ ശിഷ്യരോടു സംസാരിക്കുന്നു. പിന്നീട് പിതാവിനോടും വീണ്ടും ശിഷ്യന്മാരോടും സംസാരിക്കുന്നു. തന്റെ സന്തോഷത്തിൽ ശിഷ്യന്മാർ പങ്കുകൊള്ളണമെന്ന് യേശു ആഗ്രഹിച്ചു. ശിഷ്യന്മാർ മുമ്പ് അനുഭവിച്ചിട്ടുള്ള എല്ലാ സന്തോഷങ്ങളിൽ നിന്നും വ്യത്യസ്തവും അവയെക്കാൾ വലുതുമാണ് ഈ സന്തോഷം.

2. ശിഷ്യന്മാർ സന്തോഷംകൊണ്ടു നിറഞ്ഞവരായി. പിശാചുക്കളിൽ നിന്ന് ആളുകളെ സ്വതന്ത്രരാക്കാനുള്ള കഴിവുകൊണ്ട് ഉത്തേജിതരായി. എന്നാൽ അവർ സ്വീകരിച്ച അധികാരത്തിലല്ല, അവർ സ്വീകരിച്ച സ്നേഹത്തിലാണ് കൂടുതൽ സന്തോഷിക്കേണ്ടതെന്ന് യേശു അവർക്കു മുന്നറിയിപ്പു നല്കി: "എന്തെന്നാൽ നിങ്ങളുടെ പേരുകൾ സ്വർഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു" (ലൂക്കാ 10:20). ദൈവസ്നേഹത്തിന്റെ ഒരനുഭവം ശിഷ്യന്മാർക്കു നല്കപ്പെട്ടു. മാത്രമല്ല ആ സ്നേഹത്തിൽ പങ്കു ചേരാനുള്ള സാധ്യതയും അവർക്ക് നല്കപ്പെട്ടു. ഈ അനുഭവം യേശുവിന്റെ ഹൃദയത്തിൽ കൃതജ്ഞതയുടെയും സന്തോഷത്തിന്റെയും കാരണമായി. ലൂക്കാ സുവിശേഷകൻ ഈ സന്തോഷപ്രകടനത്തെ ത്രിത്വാത്മകസംസർഗത്തിന്റെ വീക്ഷണത്തിൽ കാണുന്നു. "യേശു പരിശുദ്ധാത്മാവിൽ സന്തോഷിക്കുകയും" പിതാവിങ്കലേക്കു തിരിഞ്ഞ് അവിടത്തെ സ്തുതിക്കുകയും ചെയ്തു. സ്വർഗത്തിന്റെയും ഭൂമിയുടെയും നാഥനും ജ്ഞാനികളിലും ബുദ്ധിമാന്മാരിലും നിന്നു മറച്ച് ഈ വസ്തുതകൾ ശിശുക്കൾക്കു വെളിപ്പെടുത്തിയവനുമായ (cf ലൂക്കാ 10:21) തന്റെ പിതാവിനോടുള്ള അളവറ്റ പുത്രനടുത്ത സ്നേഹത്തിൽ നിന്നാണ് അഗാധമായ സന്തോഷത്തിന്റെ ഈ നിമിഷം ഉദ്ഭവിക്കുന്നത്. ദൈവം മറച്ചുവയ്ക്കുകയും വെളിപ്പെടുത്തുകയും ചെയ്യുന്നു. സ്തുതിയുടെ ഈ പ്രാർത്ഥനയിൽ അവിടത്തെ വെളിപ്പെടുത്തലാണ് ശ്രദ്ധേയമായിട്ടുള്ളത്. എന്താണ് ദൈവം വെളിപ്പെ

ടുത്തുകയും മറച്ചുവയ്ക്കുകയും ചെയ്യുന്നത്? തന്റെ രാജ്യത്തിന്റെ രഹസ്യങ്ങൾ, യേശുവിന്റെ ദൈവികകർത്തൃത്വത്തിന്റെ വെളിപ്പെടുത്തൽ, സാത്താന്റെ മേലുള്ള വിജയം. തങ്ങളെക്കൊണ്ടുതന്നെ നിറഞ്ഞിരിക്കുകയും എല്ലാ കാര്യങ്ങളും തങ്ങൾക്ക് അറിയാമെന്ന് അവകാശപ്പെടുകയും ചെയ്യുന്നവരിൽ നിന്ന് ദൈവം ഇത് മറച്ചുവച്ചു. അവർ മുൻവിധികൊണ്ട് അന്ധരായിരിക്കുന്നു. ദൈവത്തിന് ഒരു സ്ഥാനവും അവർ നല്കുന്നില്ല. യേശു ആവർത്തിച്ചാവർത്തിച്ച് മുന്നറിയിപ്പു നല്കിയവരും അവിടത്തെ സമകാലികരുമായ ചിലരെപ്പറ്റി ചിന്തിക്കാൻ ആർക്കും എളുപ്പമുണ്ട്. പക്ഷേ, അപകടം എപ്പോഴുമുണ്ട്. അതു നമ്മെയും ബാധിക്കുന്നു. ചെറിയവർ എന്നു പറയുന്നത് വിനീതരും ലളിതഹൃദയരും ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും ശബ്ദമില്ലാത്തവരും ക്ഷീണിതരും ഭാരം വഹിക്കുന്നവരുമാണ്. അവരെയാണ് യേശു അനുഗൃഹീതരെന്നു വിളിച്ചത്. മറിയത്തെയും യൗസേപ്പിനെയും യേശു പ്രഘോഷിക്കാൻ പോയപ്പോൾ വിളിച്ച ഗലീലിയിലെ മത്സ്യബന്ധനക്കാരെയും ശിഷ്യന്മാർ എന്നിവരെയുംക്കുറിച്ച് നാം പെട്ടെന്ന് ചിന്തിക്കുന്നു.

3. "അതേ, പിതാവേ, അതായിരുന്നു അവിടത്തെ കൃപാപൂർണമായ അഭീഷ്ടം" (ലൂക്കാ 10:21). യേശുവിന്റെ ഈ വാക്കുകൾ അവിടത്തെ ആന്തരിക സന്തോഷാതിരേകത്തെ പരാമർശിക്കുന്നതായി മനസ്സിലാക്കണം. കൃപാപൂർണമായ എന്നത് മനുഷ്യവംശത്തെ സംബന്ധിച്ച് പിതാവിനുള്ള രക്ഷാകരവും ഉപകാരപ്രദവുമായ പദ്ധതിയെ വിവരിക്കുന്നു. ദൈവികമായ ഈ കൃപാപൂർണതയാണ് യേശുവിനെ സന്തുഷ്ടനാക്കിയത്. പിതാവ് തന്റെ പുത്രനോടുള്ള അതേ സ്നേഹത്തോടെ ജനങ്ങളെ സ്നേഹിക്കാൻ ഇഷ്ടപ്പെട്ടു. ഇതിനോടു സമാനമായ മറിയത്തിന്റെ സന്തോഷപ്രകടനവും ലൂക്കാസുവിശേഷകൻ സൂചിപ്പിക്കുന്നുണ്ട്: "എന്റെ ആത്മാവ് കർത്താവിന്റെ മഹത്ത്വത്തെപ്പറ്റി പ്രഘോഷിക്കുന്നു. എന്റെ മനസ്സ് എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു" (ലൂക്കാ 1:47). ഇതാണ് രക്ഷയിലേക്കു നയിക്കുന്ന സദ്വാർത്ത. അതിശ്രേഷ്ഠ സുവിശേഷപ്രഘോഷകനായ യേശുവിനെ ഉദരത്തിൽ വഹിക്കുന്ന മറിയം ഏലീശ്വായെ കണ്ടുമുട്ടുകയും പരിശുദ്ധാത്മാവിൽ സന്തോഷിക്കുകയും മഹത്ത്വകീർത്തനം (Magnificat) ആലപിക്കുകയും ചെയ്തു. യേശു തന്റെ ശിഷ്യരുടെ ദൗത്യനിർവഹണത്തിലുള്ള വിജയവും തത്ഫലമായി അവർക്കുണ്ടായ സന്തോഷവും കണ്ട് പരിശു





ദ്ധാത്മാവിൽ സന്തോഷിച്ചു. തന്റെ പിതാവിനെ വിളിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. ഈ രണ്ടുസംഭവങ്ങളിലും രക്ഷയ്ക്കായുള്ള പ്രവർത്തനത്തിലുള്ള സന്തോഷവും പിതാവിനു പുത്രനോടുള്ള സ്നേഹവും നമ്മിലേക്കു വരുന്നു. പരിശുദ്ധാത്മാവിലൂടെ അതു നമ്മിൽ നിറയുന്നു. പരിശുദ്ധത്രിത്വത്തിന്റെ ജീവിതത്തിൽ നമുക്കു പങ്കു നല്കുകയും ചെയ്യുന്നു.

പിതാവാണ് സന്തോഷത്തിന്റെ ഉറവിടം. പുത്രനാണ് അതിന്റെ ആവിഷ്കരണം, പരിശുദ്ധാത്മാവാണ് അതിന്റെ ദായകൻ. മത്തായി സുവിശേഷകൻ പറയുന്നതനുസരിച്ച് യേശു പിതാവിനെ സ്തുതിച്ചിട്ട് ഉടനെതന്നെ ഇങ്ങനെ പറഞ്ഞു: "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്നു പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും. എന്തെന്നാൽ എന്റെ നുകം വഹിക്കാൻ എളുപ്പമുള്ളതും ചുമട് ഭാരം കുറഞ്ഞതുമാണ്" (മത്താ 11:28-30). യേശുവിനെ കണ്ടുമുട്ടുന്ന എല്ലാവരുടെയും ഹൃദയത്തിലും ജീവിതത്തിലും സുവിശേഷത്തിന്റെ സന്തോഷം നിറയുന്നു. അവിടന്നു നല്കുന്ന രക്ഷയുടെ വാഗ്ദാനം സ്വീകരിക്കുന്നവർ പാപത്തിൽ നിന്നും ദുഃഖത്തിൽ നിന്നും ആന്തരിക ശൂന്യതയിൽ നിന്നും ഏകാന്തതയിൽ നിന്നും സ്വതന്ത്രരായിത്തീരുന്നു. ക്രിസ്തുവിനോടുകൂടെ സന്തോഷം നിരന്തരം പുതുതായി ജനിക്കുന്നു" *(Evangelii Gaudium, 1)*.

യേശുവുമായുള്ള ഈ കണ്ടുമുട്ടലിന്റെ അനന്യമായ അനുഭവം കന്യകാമറിയത്തിനുണ്ടായി. അങ്ങനെ അവൾ "നമ്മുടെ സന്തോഷത്തിന്റെ കാരണ"മായിത്തീർന്നു. യേശുവിനെ അനുഗമിക്കാനും സുവിശേഷം പ്രഘോഷിക്കാൻ യേശുവിനാൽ അയയ്ക്കപ്പെടാനുമുള്ള വിളി ശിഷ്യന്മാർ സ്വീകരിച്ചു (cf മർക്കോ 3:14). അതുകൊണ്ട് അവർ സന്തോഷം നിറഞ്ഞവരായി. നമുക്കും എന്തുകൊണ്ട് ഈ സന്തോഷത്തിന്റെ അതിസമൃദ്ധിയിലേക്കു പ്രവേശിച്ചുകൂടാ?

4. "ഉപഭോഗസംസ്കാരം നിറഞ്ഞിരിക്കുന്ന ഇന്നത്തെ ലോകത്തിലെ വലിയ അപകടം ഇതാണ്: തൃപ്തിപ്പെട്ടതും എന്നാലും ദുരാഗ്രഹം നിറഞ്ഞതുമായ ഹൃദയത്തിൽ നിന്നുണ്ടാകുന്ന ഒറ്റപ്പെടലും തീവ്രവേദനയും, ക്ഷണികസുഖങ്ങൾക്കുവേണ്ടിയുള്ള ഭ്രാന്തമായ അന്വേഷണവും, മൂർച്ചയില്ലാത്ത മനസ്സാക്ഷിയും" *(Evangelii Gaudium, 2)*. യേശു

കൊണ്ടുവന്ന രക്ഷ സ്വീകരിക്കുകയെന്നത് മനുഷ്യവംശത്തിന്റെ വലിയ ഒരാവശ്യമാണ്. യേശുവിന്റെ സ്നേഹത്താൽ കൂടുതൽ കൂടുതൽ ആശ്ലേഷിക്കപ്പെട്ടവരും ദൈവരാജ്യത്തിനും സുവിശേഷസന്തോഷത്തിന്റെ പ്രഘോഷത്തിനുംവേണ്ടിയുള്ള വികാരാഗ്നിയാൽ മുദ്രിതരാക്കപ്പെട്ടവരുമാണ് അവിടത്തെ ശിഷ്യന്മാർ. കർത്താവിന്റെ എല്ലാ ശിഷ്യന്മാരും സുവിശേഷവത്കരണത്തിന്റെ സന്തോഷം വളർത്താൻ കടപ്പെട്ടവരാണ്. ഈ പ്രഘോഷണത്തിന് ഒന്നാമതായി ഉത്തരവാദിത്വപ്പെട്ടവരാണു മെത്രാന്മാർ. ആ നിലയ്ക്ക് പ്രാദേശികസഭയിലെ പ്രേഷിതത്വസമർപ്പണത്തിലുള്ള ഐക്യം വളർത്താൻ അവർക്കു കടമയുണ്ട്. നിത്യം എത്തിച്ചേരാവുന്ന തങ്ങളുടെ അധികാരാതിർത്തിക്കുള്ളിലെന്നപോലെ ഏറ്റവും അകലെയുള്ള സ്ഥലങ്ങളിലും യേശുവിനെ അറിയിക്കുന്നതിലുള്ള സന്തോഷം അംഗീകരിക്കാൻ അവർക്കു കടമയുണ്ട്. അകലെയുള്ള പ്രദേശങ്ങളിൽ ദരിദ്രരിൽ വലിയ വിഭാഗം ഈ സന്ദേശം കാത്തിരിക്കുന്നുണ്ട്.

ലോകത്തിന്റെ പല ഭാഗങ്ങളിലും വൈദികജീവിതത്തിലേക്കും സന്ന്യാസത്തിലേക്കുമുള്ള വിളിയുടെ ദൗർലഭ്യം അനുഭവിക്കുന്നുണ്ട്. മിക്കപ്പോഴും ഇതിന്റെ കാരണം സമൂഹങ്ങളിൽ പ്രേഷിതതീക്ഷ്ണതയുടെ ആകർഷണമില്ലായ്മയാണ്. സമൂഹങ്ങൾ ആവേശരഹിതമാകുകയും ആകർഷിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്നു. ക്രിസ്തുവിനെ കണ്ടുമുട്ടുന്നതിൽ നിന്നും ദരിദ്രരുമായി പങ്കുവയ്ക്കുന്നതിൽ നിന്നുമാണ് സുവിശേഷസന്തോഷം ഉണ്ടാകുന്നത്. ഇക്കാരണത്താൽ തീവ്രതയാർന്ന സാഹോദര്യത്തിന്റെ ജീവിതം നയിക്കാൻ ഇടവകസമൂഹങ്ങളെയും പ്രസ്ഥാനങ്ങളെയും ഗ്രൂപ്പുകളെയും ഞാൻ പ്രോത്സാഹിപ്പിക്കുന്നു. ആ ജീവിതം യേശുവിനോടുള്ള സ്നേഹത്തിലും ഏറ്റവും ദരിദ്രരായിട്ടുള്ളവരോടു പുലർത്തുന്ന താത്പര്യത്തിലും അടിയുറച്ചതായിരിക്കണം. ക്രിസ്തുവിനെ മറ്റുള്ളവരിലേക്ക് എത്തിച്ചുകൊടുക്കുന്നതിലുള്ള സന്തോഷവും ആവേശവും ആഗ്രഹവും ഉള്ള സ്ഥലങ്ങളിലെല്ലാം യഥാർത്ഥ വിളികൾ ഉണ്ടാകും. ഈ വിളികളിൽ പ്രേഷിതവേലയ്ക്കായി അല്മായർക്കുള്ള വിളികളെ അവഗണിക്കരുത്. സഭയിൽ അല്മായർക്കുള്ള തനിമ, ദൗത്യം എന്നിവയെക്കുറിച്ച് വർധമാനമായ ബോധം ഉണ്ടായിട്ടുണ്ട്. സുവിശേഷപ്രചാരണത്തിൽ വർധമാനമായ പ്രാധാന്യമുള്ള ഒരു ധർമം ഏറ്റെടുക്കാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നുവെന്നത് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഫലപ്രദമായ





പ്രേഷിതപ്രവർത്തനത്തിനായി അവർക്ക് സമുചിതമായ പരിശീലനം നല്കണം.

5. "സന്തോഷപൂർവം നല്കുന്നവനെയാണ് ദൈവം സ്നേഹിക്കുന്നത്" (2 കോറി 9:7). വിജാതീയർക്കുവേണ്ടിയുള്ള പ്രേഷിതപ്രവർത്തനത്തിൽ സന്തോഷപൂർവം പങ്കെടുക്കാനുള്ള ആഗ്രഹവും ധാർമികകടമയും പുനരുജ്വലിപ്പിക്കാനുള്ള ഒരവസരവും കൂടിയായിരിക്കണം ലോകമിഷൻ ദിനാചരണം. വ്യക്തികൾ നല്കുന്ന സാമ്പത്തികസഹായം ഒന്നാമതായി കർത്താവിനും രണ്ടാമതായി മറ്റുള്ളവർക്കും ആത്മസമർപ്പണം നടത്തുന്നതിന്റെ ഒരടയാളമാണ്. ഇങ്ങനെ സ്നേഹത്തിൻമേൽ പടുത്തുയർത്തപ്പെട്ട ഒരു മനുഷ്യവംശത്തിനായുള്ള സുവിശേഷവത്കരണത്തിനുള്ള ഒരു മാർഗമായിത്തീരും ഈ ഭൗതിക സംഭാവന.

പ്രിയ സഹോദരീസഹോദരന്മാരേ, ഈ ആഗോളമിഷൻ ദിനത്തിൽ ഞാൻ പ്രാദേശികസഭകളെപ്പറ്റി ചിന്തിക്കുന്നു. നമ്മൾ സുവിശേഷവത്കരണത്തിന്റെ സന്തോഷം പിടിച്ചുപറിക്കപ്പെട്ടവരാകാതിരിക്കട്ടെ! സുവിശേഷസന്തോഷത്തിൽ മുങ്ങാനും നിങ്ങളുടെ വിളിയും ദൗത്യവും പ്രകാശിപ്പിക്കാൻ കഴിയുന്ന ഒരു സ്നേഹം വളർത്താനും ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. ആന്തരിക തീർത്ഥാടനം നടത്തുന്നവരെന്ന നിലയിൽ നിങ്ങളുടെ ഹൃദയത്തെ യേശുക്രിസ്തു ഊഷ്മളമാക്കാൻ നല്കിയ "പ്രഥമസ്നേഹ"ത്തെക്കുറിച്ച് ഓർമിക്കാൻ ഞാൻ നിങ്ങളെ ഓരോരുത്തരെയും ക്ഷണിക്കുന്നു. ആ സ്നേഹം ഗൃഹാതുരത്വത്തിനുവേണ്ടിയല്ല സന്തോഷത്തിൽ സ്ഥിരം നിലനില്ക്കുന്നതിനുവേണ്ടിയാണ് ഓർമ്മിക്കേണ്ടത്. കർത്താവിന്റെ ശിഷ്യന്മാർ അവിടത്തെ സാന്നിധ്യം മനസ്സിലാക്കുകയും അവിടത്തെ ഇഷ്ടം നിറവേറ്റുകയും തങ്ങളുടെ വിശ്വാസവും പ്രത്യാശയും സുവിശേഷാത്മകസ്നേഹവും മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും ചെയ്യുമ്പോൾ സന്തോഷത്തിൽ സ്ഥിരം മുന്നേറും.

വിനീതവും സന്തോഷപൂർണവുമായ സുവിശേഷവത്കരണത്തിന്റെ മാതൃകയായ മറിയത്തിന്റെ മധ്യസ്ഥതയിലൂടെ നമുക്കു പ്രാർത്ഥിക്കാം. സഭ എല്ലാ ജനതകൾക്കും സ്വാഗതമരുളുന്ന ഭവനവും അമ്മയും നമ്മുടെ ലോകത്തിന്റെ പുനർജനനത്തിനുള്ള ഉറവിടവും ആയിത്തീരാൻ വേണ്ടി പ്രാർത്ഥിക്കാം.

വത്തിക്കാനിൽ നിന്ന് 8 ജൂൺ 2014, പെന്തക്കുസ്താത്തിരുനാൾ ദിവസം

**ഫ്രാൻസിസ് പാപ്പാ**

391/2014
30 -09-2014

## വിജ്ഞാപനം - 125

**പ്രിയ സഹോദരങ്ങളേ,**

നമ്മുടെ രൂപതയുടെ റൂബിജൂബിലി സ്മാരകമായി രൂപതയുടെ പുതിയ ചരിത്രഗ്രന്ഥം പ്രസിദ്ധീകരിക്കുന്നുണ്ടെന്ന് അറിയിച്ചിരുന്നു വല്ലോ. ദൈവത്തിൽ പരിപൂർണ്ണമായി ആശ്രയിച്ച് സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ മേഖലകളിൽ നമ്മുടെ പൂർവ്വീകർ നടത്തിയ അതിജീവനത്തിന്റെ സുവിശേഷമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ഇടവകയിലെ ചരിത്രസംഭവങ്ങൾ ആധികാരി കതയോടെ ചിത്രങ്ങൾ സഹിതം A 4 സൈസിൽ 750-ൽ പരം പേജു കളുള്ള ഈ ഗ്രന്ഥത്തിന് 700 രൂപ വില വരുമെങ്കിലും കഴിയാവുന്നിട ത്തോളം പേർക്ക് ഗ്രന്ഥം ലഭ്യമാക്കണമെന്ന ഉദ്ദേശ്യത്തോടെ പ്രീ പബ്ളിക്കേഷൻ പദ്ധതി പ്രകാരം 300 രൂപക്ക് വാങ്ങിക്കുവാൻ സൗക ര്യപ്പെടുത്തിയിട്ടുണ്ട്. ആവശ്യക്കാർ ബഹു. വികാരിയച്ചന്മാരുടെ പക്കൽ 100 രൂപ സഹിതം ഒക്ടോബർ 31-ന് മുമ്പ് നിശ്ചിത ഫോറത്തിൽ എ ഴുതിക്കൊടുക്കേണ്ടതും പ്രസ്തുത ഓർഡറുകൾ നവംബർ 5-ന് മുമ്പ് രൂപതാ കാര്യാലയത്തിൽ എത്തിക്കേണ്ടതുമാണ്.

പാലക്കാട് രൂപതയുടെ ചരിത്രം പൂർണ്ണമാകുന്നത് ക്രൈസ്ത വസഭാസമൂഹങ്ങളും സഭാനേതൃത്വവും ഇടവകകളോടുചേർന്ന് നാടിന്റെ വികസനത്തിനുവേണ്ടി അനുഷ്ഠിച്ച സേവന പ്രവർത്തന ങ്ങൾ കൂടി എഴുതിച്ചേർക്കുമ്പോഴാണ്. ആ അർത്ഥത്തിൽ ഈ ഗ്രന്ഥം നമ്മുടെ ഓരോരുത്തരുടേയും കൂടി ചരിത്രമാണ്. പാലക്കാട് നിവാ സികളായ നമ്മൾ പാലക്കാടിന്റെ വൈവിദ്ധ്യമാർന്ന സാംസ്കാരിക പാരമ്പര്യവും തനിമയും സ്ഥലനാമരൂപീകരണവും അറിഞ്ഞിരിക്കേ ണ്ടതാണല്ലൊ. ഇക്കാര്യങ്ങൾ ഒരു പരിധിവരെ ഈ ചരിത്രഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇടവകയിലെ കുടുംബയൂണിറ്റ് ഭാരവാഹികൾ കൂടുതൽപേർക്ക് ഗ്രന്ഥം ലഭ്യമാക്കുവാൻ ബഹു. വികാരിയച്ചന്മാരോടൊത്ത് പ്രവർത്തി ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിങ്ങളുടെ വത്സലപിതാവ്

**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാദ്ധ്യക്ഷൻ








**2014 OCTOBER**

| | | |
|---|---|---|
| 2 | | Diocesan Ruby Jubilee, St. Raphaels Cathedral |
| 3 | PM | Marian Village, Kanjikode |
| 4 | AM | Sinai Retreat Centre, Mundur |
| | PM | Sehion Retreat Centre, Thavalam |
| 5 | PM | St. Mary's Church, Kallepully |
| 7 | | Out of Station |
| 8-9 | | Sehion Retreat Centre, Thavalam |
| 11 | | Meeting, Pastoral Centre |
| 12 | | Parish Visit |
| 14-15 | | Mount St. Thomas, Kakkanad |
| 18 | | P.O.C., Kochi |
| 19 | | Parish Visit |
| 22-23 | | P.O.C., Kochi |
| 24-26 | | Chanda, Episcopal Ordination |
| 29-30 | | Thalassery |
| 31 | | St. James the Great Church, Dhoni |

**2014 November**

| | | |
|---|---|---|
| 1 | PM | FCC Vestition, Mangalam Dam |
| 2 | | Infant Jesus Church, Edayarpalayam |
| 3 | | FCC Vestition, Aluva |
| 6 | | Sehion Retreat Centre, Thavalam |
| 9 | | St. Antony's Church, Kozhinjampara |
| 10-13 | | Eparchial Assembly, Yuvakshetra |




**ആദരാഞ്ജലികൾ**

ഫാ. ജേക്കബ് പനയ്ക്കൽ ഒക്ടബോർ 28

**ജപമാല മാസം**

ഒക്ടോബർ ജപമാലഭക്തിക്കായി പ്രത്യേകം പ്രതിഷ്ഠിതമായ മാസമാണല്ലോ. ജപമാല മറിയത്തോടുള്ള പ്രാർത്ഥനായണെങ്കിലും ക്രിസ്തുകേന്ദ്രീകൃത പ്രാർത്ഥനയാണ്. മറിയത്തോടൊപ്പം ക്രിസ്തുവിനെ ധ്യാനിക്കുകയാണ് ജപമാലയിൽ ചെയ്യുന്നത്. ജപമാലവഴി മറിയത്തോടൊപ്പം നാം ക്രിസ്തുവിന് അനുരൂപരാകുന്നു. ജപമാല സമാധാനത്തിനും കുടുംബങ്ങളുടെ സുസ്ഥിതിക്കുമുള്ള പ്രാർത്ഥനയാണ്. നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഭവനങ്ങളിലും ഈ മാസം ജപമാല ആഘോഷമായി ചൊല്ലുന്നപതിവുണ്ട്. ഈ പതിവ് പൂർവ്വാധികം തീക്ഷ്ണതയോടെ തുടരണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

**മിഷൻ ഞായർ**

ഒക്ടോബർ 19-ാം തീയതിയാണ് ഈ വർഷം മിഷൻ ഞായറായി ആഘോഷിക്കുന്നത്. അന്നേദിവസം ലോകം മുഴുവനുമുള്ള സുവിശേഷ പ്രവർത്തനങ്ങളെ ദൈവത്തിന് സമർപ്പിച്ച് പ്രാർത്ഥിക്കാം. അന്നേദിവസത്തെ സംഭാവനകൾ മിഷൻ പ്രവർത്തനങ്ങൾക്കായാണ് ഉപയോഗിക്കുക. സംഭാവനകൾ സ്വീകരിച്ച് രൂപതാ പ്രൊക്യുറേറ്ററെ ഏൽപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. മിഷൻ ഞായർ കലണ്ടറും സംഭാവന കവറുകളും ജിം ഓഫ്സെറ്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രൂപതാ ഓഫീസ് കൗണ്ടറിൽനിന്ന് ലഭിക്കുന്നതാണ്.

**അഭിനന്ദനങ്ങൾ**

കാരിത്താസ് ഇന്ത്യ രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികൾക്കിടയിൽ അഖിലേന്ത്യാതലത്തിൽ നടത്തിയ ഏറ്റവും നല്ല വാർഷിക റിപ്പോർട്ടിന് (Annual Report 2013-14) അർഹമായ PSSPയ്ക്ക് പാലക്കാട് രൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങൾ. 2014 സെപ്റ്റംബർ 18, 19 തിയ്യതികളിൽ ബാംഗ്ലൂരിൽവെച്ചു നടന്ന നാഷണൽ അസംബ്ലിയിൽവച്ച് പ്രശംസാപത്രവും ഫലകവുമടങ്ങുന്ന അവാർഡ് എക്സി. സെക്രട്ടറി ഫാ. ജേക്കബ് മാവുങ്കൽ ഏറ്റുവാങ്ങി.





**വൈദികരുടെ മാസധ്യാനം**

ഒക്ടോബർ മാസത്തിലെ വൈദികരുടെ മാസധ്യാനം അതാത് ഫൊറോനകളിൽ വെച്ച് നടത്തപ്പെടുന്നതാണ്.

**വാർഷികധ്യാനം**

വൈദികരുടെ കഴിഞ്ഞ വാർഷിക ധ്യാനത്തിൽ പങ്കെടുക്കാൻ സാധിക്കാതിരുന്ന ബഹു. അച്ചന്മാർ ഡിസംബർ 31ന് മുമ്പ് വാർഷിക ധ്യാനത്തിൽ പങ്കെടുത്ത് വിവരം രൂപതാകാര്യാലയത്തിൽ അറിയിക്കുകയും കുർബാന കണക്ക് ഏല്പ്പിക്കുകയും ചെയ്യേണ്ടതാണ്.

**സകല മരിച്ചവരുടെയും ഓർമ്മത്തിരുനാൾ**

ഈ വർഷം സകല മരിച്ചവരുടെയും ഓർമ്മ ദിവസമായ നംവബർ 2 ഞായറാഴ്ച ആയതിനാൽ നവംബർ 1-ാം തിയ്യതി ശനിയാഴ്ച മരിച്ചവരുടെ ഓർമ്മത്തിരുനാളായി ആചരിക്കേണ്ടതാണ്.

**അഖണ്ഡജപമാല**

നാല്പ്പതുവർഷം പിന്നിട്ട നമ്മുടെ രൂപതയ്ക്ക് ദൈവംനൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകാശിപ്പിക്കുന്നതിനും എപ്പാർക്കിയൽ അസംബ്ലിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ടി പ്രാർത്ഥിക്കുന്നതിനും ഒക്ടോബർ 30, 31 തീയതികളിൽ 40 മണിക്കൂർ അഖണ്ഡജപമാലയർപ്പണം കത്തീഡ്രൽ ദൈവാലയത്തിൽ നടത്തപ്പെടുന്നു. സാധിക്കുന്നവരെല്ലാം അതിൽ സംബന്ധിച്ച് പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ചരിത്രഗ്രന്ഥം പ്രി-പബ്ലിക്കേഷൻ മാതൃകാഫോറം**

1. ഇടവക...................................................................................
2. പേരും വീട്ടുപേരും...................................................................
3. കുടുംബയൂണിറ്റ് .......................................................................
4. ഏത്ര എണ്ണം .........................................................................
5. മൊത്തം വില 300/-

ആദ്യഗഡു Rs.......... രണ്ടാം ഗഡു Rs.......... മൂന്നാം ഗഡു Rs. ..........

വികാരിയച്ചന്റെ ഒപ്പ് ഒപ്പ്

## എപ്പാർക്കിയൽ അസംബ്ലി

മുണ്ടൂർ യുവക്ഷേത്രയിൽ വച്ച് 2014 നവംബർ 10 മുതൽ 13 വരെ രാവിലെ പാലക്കാട് രൂപത പ്രഥമ അസംബ്ലി നടക്കുകയാണ്. ആദ്യ ദിവസം രാവിലെ 11.00 മണിക്ക് അസംബ്ലി ആരംഭിക്കുന്നതും 13-ാം തിയ്യതി ഉച്ചയ്ക്ക് 1.00 മണിക്ക് അവസാനിക്കുന്നതുമാണ്. അംഗങ്ങൾക്കുള്ള ക്ഷണക്കത്തും വിശദ

വിവരങ്ങളും തപാൽവഴി ലഭിക്കുന്നതാണ്. അതിൽ സംബന്ധിക്കുന്ന 80 അംഗങ്ങളുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു.

**A. ഔദ്യോഗിക പദവിയുള്ളവർ (Exofficio)**

| | | |
|---|---|---|
| 1 | Rev. Msgr. Joseph Chittilapilly | വികാരി ജനറാൾ |
| 2 | Rev. Fr. Peter Kochupurackal | ജുഡീഷൽ വികാരി |
| 3 | Rev. Fr. Joshy Pulikottil | പ്രോക്കുറേറ്റർ |

**രൂപത ആലോചനസമിതി അംഗങ്ങൾ & ഫൊറോനവികാരിമാർ**

4 Rev. Fr. Sebastian Mangalan
5 Rev. Fr. Peter Kuruthukulangara
6 Rev. Fr. George Theruvankunnel
7 Rev. Fr. Mathew Vazhayil
8 Rev. Fr. Domenic Aippenparambil
9 Rev. Fr. Jose P Chittilapilly
10 Rev. Fr. Jeejo Chalakkal
11 Rev. Fr. Jose Alakkakunnel
12 Rev. Fr. George Edathala
13 Rev. Fr. Sebastian Thamarasery
14 Rev. Fr. Jose Kochuparambil
15 Rev. Fr. Davis Chakkumpeedika
16 Rev. Fr. Martin Kalampadan
17 Rev. Fr. Gilbert Ettonnil

**രൂപതയിൽ പ്രവിശ്യകളുള്ള സമർപ്പണ ജീവിതസമൂഹങ്ങളുടെ ശ്രേഷ്ഠർ**

18 Rev. Sr. Leema OP
19 Rev. Sr. Patrik CMC
20 Rev. Sr. Hippolita FCC
21 Rev. Sr. Pushpa CHF
22 Rev. Sr. Vincentia SABS

**B. തിരഞ്ഞെടുക്കപ്പെട്ടവർ (Elected)**

**ഫൊറോനയിലെ വൈദികഗണത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ**

| | | |
|---|---|---|
| 23 | Rev. Fr. Abraham Palathingal | Vadakkenchery |
| 24 | Rev. Fr. Binu Ponkattil | Melarkode |
| 25 | Rev. Fr. John Aloor | Mangalam Dam |
| 26 | Rev. Fr. Martin Thattil | Palakkad |
| 27 | Rev. Fr. Jaison Vadakken | Thathamangalam |
| 28 | Rev. Fr. Nilesh Thuruthuvelil | Ottapalam |
| 29 | Rev. Fr. Anto Keetikkal | Olavakode |
| 30 | Rev. Fr. Thomas Vadakkumchery | Ponnamkode |
| 31 | Rev. Fr. Regy Mathew Perumbillil | Kanjirapuzha |
| 32 | Rev. Fr. Tenson Thanikkal | Mannarkkad |
| 33 | Rev. Fr. Biju Plathottam | Thavalam |





**വൈദിക സമിതിയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ**

34 Rev. Fr. Betson Thukkuparambil
35 Rev. Fr. Thom Kizhakkedath
36 Rev. Fr. Jose Ponmani
37 Rev. Fr. Ceejo Karikkattil
38 Rev. Fr. Raju Pulickathazha

**പാസ്റ്ററൽ കൗൺസിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അത്മായ പ്രതിനിധികൾ**

| | | | |
|---|---|---|---|
| 39 | Mr. Thomas Valiaparambil | Arogiapuram | Vadakkenchery |
| 40 | Mr. Franko Joseph Kollanur | Alathur | Melarkode |
| 41 | Mr. Joy Moolayil | Mangalam Dam | Mangalam Dam |
| 42 | Mr. Varghese Pattara | Yakkara | Palakkad |
| 43 | Mrs. Gracy Tom Aippenparambil | Kollengode | Thathamangalam |
| 44 | Mrs Rosamma Thomas Kallarackal | Kadambazhipuram | Ottapalam |
| 45 | Mrs. Beena Chakkungal | Olavakode | Olavakode |
| 46 | Mr. Anoop Varkey | Ponnamkode | Ponnamkode |
| 47 | Mr. Mathew Aikkara | Cheenikkapara | Kanjirapuzha |
| 48 | Dr. Rose Thomas | Mannarkkad | Mannarkkad |
| 49 | Mrs. Gracy Chakkattu | Jellipara | Thavalam |

**പ്രവിശ്യകളില്ലാതെ രൂപതയിൽ ഭവനങ്ങളുള്ള സമർപ്പിത ജീവിതസമൂഹങ്ങളുടെ (Men Religious) പ്രതിനിധികൾ**

50 Rev. Fr. Vilson Moyalan CMI

51 Rev. Fr. Shaji Meempuzhackal CST

52 Rev. Fr. Sunny Pallipattu OFM Cap.

53 Rev. Br. Peterdas MMB

**പ്രവിശ്യകളില്ലാതെ രൂപതയിൽ ഭവനങ്ങളുള്ള സമർപ്പിത ജീവിതസമൂഹങ്ങളുടെ (Women Religious) പ്രതിനിധികൾ**

54 Rev. Sr. Lissy DST

55 Rev. Sr. Venma CSS

56 Rev. Sr. Reena OSF

57 Rev. Sr. Raphael DDP

58 Rev. Sr. Della Maria CSM

**C. നാമനിർദ്ദേശം ചെയ്യപ്പെട്ടവർ (Nominated)**

**വൈദികർ**

59 Rev. Fr. Cherian Anjilimoottil

60 Rev. Fr. Jacob Mavunkal

61 Rev. Fr. Xavier Maramattam

62 Rev. Fr. Jose Potteparamabil

63 Rev. Fr. Paul Thottian

**അത്മായർ**

| | |
|---|---|
| 64 Mr. John Kaithamattam | Edathanattukara |
| 65 Mr. K.P. Lawrence | Melarkode |
| 66 Mr. Anson Vallyara | Ottappalam |
| 67 Mr. Cecil Abraham | Keralassery |
| 68 Mr. Jose Menachery | Cathedral |
| 69 Mr. Joy Naramvelil | Kodunthirapully |
| 70 Mr. Denny Thengumpillil | Kalla |
| 71 Mrs. Beena Jomi | Mylampully |
| 72 Mr. Tom Jose Attapatt | Kuravanpady |
| 73 Mr. Santhosh Arackal | Rajagiri |
| 74 Mrs. Mini Wilson Karerakattil | Cathedral |
| 75 Ms. Kusumam Jose Kulambil | Kanjirapuzha |





**വിദഗ്ദർ**

| | |
|---|---|
| 76 Rev. Fr. Mathew Illathuparampil | |
| 77 Rev. Fr. John Mylamvelil | |
| 78 Rev. Sr. Alice CMC | Mercy College |
| 89 Mr. Raphael Kurissirackal | Kanjikode |
| 80 Mr. K.T. Thomas Kizhakkekara | Irumpakachola |

**സെൻട്രൽ കമ്മിറ്റി**

Rev. Fr. George Thuruthipally

Rev. Fr. Jomis Kodakasseril

Rev. Fr. Roby Koonthaniyil

Rev. Fr. Biju Kallingal

Rev. Fr. Jaimon Pallineerackal

Rev. Sr. Leena Jose CMC

Adv. Mini Francis

Adv. Justin Pallivathuckal

## പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്

2014 ആഗസ്റ്റ് 13ന് വൈകുന്നേരം 4 മണിക്ക് യുവക്ഷേത്രയിൽ വച്ച് കൂടിയ പുതിയ വൈദികസമിതിയുടെ റിപ്പോർട്ട്.

2014 ആഗസ്റ്റ് 13ന് ഉച്ചക്കഴിഞ്ഞ് 4 മണിയോടെ 2014-2017 വരെയുള്ള കാലഘട്ടത്തിലേക്കു തിരഞ്ഞെടുക്കപ്പെട്ട പുതിയ വൈദികസമിതി അഭിവന്ദ്യപിതാവ് മാർ ജേക്കബ് മനത്തോടത്തിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ഷിജോ മാവറയച്ചന്റെ പ്രാർത്ഥനക്കുശേഷം യോഗാദ്ധ്യക്ഷൻ എല്ലാവർക്കും പൊതുവായും പുതുതായിവന്നവർക്ക് പ്രത്യേകമായും സ്വാഗതം പറഞ്ഞു. സെക്രട്ടറി ബഹു. ജോർജ്ജ് തുരുത്തിപ്പള്ളിയച്ചൻ വായിച്ച മുൻയോഗ റിപ്പോർട്ട് അംഗീകരിച്ചു. നാളിതുവരെയുള്ള സ്തുത്യർഹമായ സേവനങ്ങൾക്ക് പിതാവ് സെക്രട്ടറിക്ക് നന്ദിപറഞ്ഞു. പുതിയ സെക്രട്ടറിയായി ബഹു. ജീജോ ചാലക്കലിനെയും അജണ്ടകമ്മിറ്റിയിലേയ്ക്ക് ബഹു. പീറ്റർ കുരുതുകുളങ്ങര, ജോർജ്ജ് തുരുത്തിപ്പള്ളി, ആന്റോ തൈക്കാട്ടിൽ എന്നീ അച്ചന്മാരെയും തിരഞ്ഞെടുത്തു.

തുടർന്ന് അജണ്ടയിലെ 4-ാമത്തെ വിഷയമായ രൂപതാമുഖപത്രത്തെക്കുറിച്ച് ചർച്ചയാരംഭിച്ചു. ചർച്ചയിൽ മുഖപത്രാലോചനയെക്കുറിച്ച് പിതാവ്

ഒരു സംക്ഷിപ്ത വിവരണം നടത്തി. 2011 ലെ അഞ്ചുപേരുടെ കമ്മിറ്റിയും 2012-ൽ അവർ സമർപ്പിച്ച റിപ്പോർട്ടിലെയും അഭിപ്രായങ്ങൾ വിലയിരുത്തി. രൂപതാ ആലോചനാസമിതിയും മുഖപത്രത്തിന് അനുകൂലമായ അഭിപ്രായമാണ് പ്രകടിപ്പിച്ചതെന്ന് പിതാവ് യോഗത്തെ അറിയിച്ചു. യോഗത്തിൽ ഇതിനാവശ്യമായ പണത്തെപ്പറ്റിയും പ്രായോഗിക ബുദ്ധിമുട്ടുകളെപ്പറ്റിയും ചർച്ചനടന്നു.

ഇക്കാലത്ത് മാധ്യമങ്ങളെ നാം ഉപയോഗിക്കണമെന്നും പണം സ്വരൂപിക്കാൻ ബുദ്ധിമുട്ടുണ്ടാവുകയില്ലെന്നും ഇപ്പോൾ ഉള്ള പ്രസിദ്ധീകരണങ്ങളെ ഏകോപിപ്പിച്ച് രൂപതാപത്രം ഇറക്കാമെന്നും റൂബിജൂബിലി ഇത്തരമൊരു പത്രപ്രസിദ്ധീകരണത്തിന് അനുയോജ്യമായ അവസരമാണെന്നും നമ്മുടെ ഇടവകയിലെ കഴിവും പരിചയവും ഉള്ളവരെ ഉൾപ്പെടുത്തി പത്രാധിപസമിതി രൂപീകരിക്കണമെന്നും, നല്ല പംക്തികൾ എഴുതാൻ കഴിവുള്ളവരെ പ്രോത്സാഹിപ്പിച്ച് എഴുതിപ്പിക്കണമെന്നും സർക്കുലേഷൻ, മാർക്കറ്റിങ്ങ്, പരസ്യം മുതലായവയ്ക്ക് അച്ചന്മാർ സഹകരിക്കണമെന്നും പൊതു അഭിപ്രായമുണ്ടായി. അതിന്റെ നിയതമായ രൂപത്തേയും ഭാവത്തേയും കുറിച്ച് (എത്ര പേജുവേണം, കളർ മുതലായവ) പിന്നീട് സാഹചര്യങ്ങൾക്കനുസരിച്ച് ചെയ്യാം എന്നും തീരുമാനിച്ചു. പ്രാരംഭ ജോലികൾ പൂർത്തിയാക്കാൻ ബഹു. ഫാ. തോം കിഴക്കേടത്തിനെ ഏല്പിച്ചു.

അതിനുശേഷം എപ്പാർക്കിയൽ അസംബ്ലി നവംബർ 27, 28, 29 തിയ്യതികളിൽ നിന്നും നവംബർ 10, 11, 12 തിയ്യതികളിലേക്ക് മാറ്റേണ്ടിവന്നതിന്റെ കാരണം, പിതാവ് വ്യക്തമാക്കി. ചാവറയച്ചനെയും ഏവുപ്രാസ്യാമ്മയെയും വിശുദ്ധരായി പ്രഖ്യാപിക്കുന്ന ചടങ്ങുകളാണ് മുഖ്യകാരണമായി പറഞ്ഞത്.

അജണ്ടയിലെ 3-ാമത്തെ വിഷയമായ റൂബിജൂബിലിയെക്കുറിച്ച് കാര്യമായ ചർച്ചനടന്നില്ല. അച്ചന്മാരുടെ ത്രൈമാസ സമ്മേളനം ഉടൻ നടക്കുന്നതുകൊണ്ടും അക്കാര്യം അവിടെ ചർച്ച ചെയ്യാമെന്നു തീരുമാനിച്ചു.

പിന്നീട് ഭക്തസംഘടനകളുടെ ചെലവുകളെക്കുറിച്ചും ഫണ്ടിനെക്കുറിച്ചുമായിരുന്നു ചർച്ച. രൂപതാതലത്തിൽ വരുന്ന ചെലവുകൾക്ക് രൂപതാദ്ധ്യക്ഷൻ സഹായിക്കാമെന്ന് വാഗ്ദാനം ചെയ്തു. ഫൊറോനാതലത്തിലുള്ള ചെലവുകൾ ഫൊറോനയിലെ ഇടവകകൾ വീടുകളുടെ എണ്ണമനുസരിച്ച് പങ്കിട്ടെടുക്കണമെന്നൊരു ധാരണയിൽ എത്തി. കെ.സി.എസ്.എൽ. ന്റെ ഫണ്ട് സ്കൂളുകളിൽനിന്നു തന്നെയെടുക്കണമെന്നും അക്കാര്യം പ്രധാനാധ്യാപകരുടെ യോഗത്തിൽ പറഞ്ഞു നടപ്പാക്കണമെന്നും അഭിപ്രായമുണ്ടായി. ഫണ്ടിന്റെ കുറവുകൊണ്ട് കെ.സി.എസ്.എൽ.ന്റെ പ്രവർത്തനങ്ങൾ നടക്കാതെ പോവില്ലെന്ന് ജനറാൾ അച്ചൻ ഉറപ്പുകൊടുത്തു. യുവക്ഷേത്ര യുവജനങ്ങൾക്കായുള്ള സംരംഭമായതുകൊണ്ട് അവരുടെ പരിപാടികൾക്ക്





ഇവിടെ സൗജന്യ സൗകര്യമൊരുക്കണമെന്ന് ശക്തമായ അഭിപ്രായം വന്നപ്പോൾ അതുമാത്രം പോര, സംഘടനാപ്രവർത്തനങ്ങൾക്ക് സാമ്പത്തികസഹായവും അവിടെനിന്ന് ചെയ്തുകൊടുക്കണമെന്ന് മറ്റൊരഭിപ്രായവും ഉയർന്നുവന്നു.

ചിലഫൊറോനകൾ മദ്യവിരുദ്ധസമിതിയുടെ പ്രവർത്തനത്തിൽ വേണ്ടത്ര താല്പര്യമെടുക്കുന്നില്ല എന്ന് സൂചിപ്പിക്കപ്പെട്ടു. അവർ ഇക്കാര്യത്തിൽ വേണ്ടതു ചെയ്യണമെന്ന് പിതാവ് നിർദ്ദേശിച്ചു. തുടർന്ന് മദ്യവിരുദ്ധസമിതിക്ക് ആവശ്യമായ ഫണ്ട് നൽകുന്നവിവരം പിതാവ് യോഗത്തെ അറിയിച്ചു.

**ഫാ. ജീജോ ചാലക്കൽ,** സെക്രട്ടറി

## പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

2014- 2017 കാലഘട്ടത്തിലേക്ക് രൂപകരിക്കപ്പെട്ടിരിക്കുന്ന പാലക്കാട് രൂപത പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമ സമ്മേളനം 2014 സെപ്റ്റംബർ 15-ന് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് പിതാവിന്റെ അദ്ധ്യക്ഷതയിൽ രൂപതാ പാസ്റ്ററൽ സെന്ററിൽ ചേർന്നു. 10.30-ന് ശ്രീ. ജോസഫ് പനച്ചേപ്പള്ളി നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ രൂപത വികാരി ജനറാൾ മോൺ. ജോസഫ് ചിററിലപ്പിള്ളിയച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. രൂപതാ പാസ്റ്ററൽ കൗൺസിൽ ജനറൽ സെക്രട്ടറി ഫാ. അബ്രാഹം പാലത്തിങ്കൽ കഴിഞ്ഞ സമ്മേളനത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു.

രൂപതാ പാസ്റ്ററൽ കൗൺസിലിലേക്ക് ഏവർക്കും ഹൃദ്യമായ സ്വാഗതം ആശംസിച്ചുകൊണ്ടാണ് അഭിവന്ദ്യ പിതാവ് അദ്ധ്യക്ഷപ്രസംഗം ആരംഭിച്ചത്. പാസ്റ്ററൽ കൗൺസിൽ രൂപതയുടെ ആലോചനാസമിതിയാണെന്നും രൂപതയുടെ സമഗ്രമായ വളർച്ചക്കുതകുന്ന പ്ലാനും പദ്ധതികളും ചർച്ച ചെയ്യാനുള്ള വേദിയാണെന്നും പിതാവ് അംഗങ്ങളെ ഓർമ്മിപ്പിച്ചു. വിശ്വാസികളുടെ കൂട്ടായ്മയായ സഭയെ യേശുവിന്റെ അരൂപിയാൽ നിറഞ്ഞ് ശക്തിപ്പെടുത്തി വളർത്തുവാൻ നമുക്കുകഴിയണം. ഏവരേയും അതിശയിപ്പിക്കുന്ന രീതിയിൽ യേശു വിഭാവനം ചെയ്ത കൂട്ടായ്മ നമ്മുടെ രൂപതയിൽ നിലനിൽക്കണം. നമ്മളാണ് സഭ, നമ്മിലൂടെയാണ് മറ്റു മനുഷ്യർ യേശുവിനെ അറിയുക. അതിനാൽ ഉത്തമസാക്ഷികാളായി ജീവിച്ച് തങ്ങളെ ഭരമേല്പ്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ കൃത്യതയോടെ നിർവ്വഹിക്കുവാൻ പിതാവ് ഏവരേയും ഉദ്ബോധിപ്പിച്ചു.

തുടർന്ന് പാസ്റ്ററൽ കൗൺസിന്റെ ദൗത്യങ്ങളും ഉത്തരവാദിത്വങ്ങളും എന്ന വിഷയത്തെ അധീകരിച്ച് ഫാ. അബ്രാഹം പാലത്തിങ്കൽ ക്ലാസ്സെടു

ത്തു. രൂപതയിലെ 60,000-ത്തോളം വരുന്ന വിശ്വാസികളുടെ പ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന 150 പേരുടെ കൂട്ടായ്മയാണ് പാസ്റ്ററൽ കൗൺസിൽ. രണ്ടാം വത്തിക്കാൻ സൂനഹദോസിൽനിന്നും പ്രചോദനം ഉൾക്കൊണ്ട കാനോനികനിയമങ്ങൾക്കനുസരിച്ച് രൂപം കൊണ്ടിരിക്കുന്ന പാസ്റ്ററൽ കൗൺസിൽ ദൈവജനത്തെ നയിക്കാനും ഭരിക്കാനും വിശുദ്ധീകരിക്കാനും നിയോഗിക്കപ്പെട്ടിരിക്കുന്ന മെത്രാനോടുചേർന്ന് പ്രവർത്തിക്കുന്ന നൈയാമികബോഡിയാണ്. കാലഘട്ടത്തിന്റെ അടയാളങ്ങളെ വേണ്ടവിധം മനസ്സിലാക്കി വിലയിരുത്തി വെല്ലുവിളികളെ അതിജീവിച്ച് വിശ്വാസവും ധാർമ്മികതയും നീതിയും സ്നേഹവും ഉറപ്പുവരുത്തുവാൻ നാം പ്രതിജ്ഞാബദ്ധരാകണം. സഭ എന്നും എക്കാലവും എല്ലായിടത്തും തിന്മയുടെ ശക്തികൾക്കെതിരെ നീതിയുടെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും മുന്നണിപ്പോരാളികളാണ്. ഈ പോരാട്ടത്തിൽ നാമായിരിക്കുന്ന സ്ഥലങ്ങളിൽ ശക്തി പകരാനും സാക്ഷ്യമേകാനും നമുക്കാകണം.

എന്തിനും ഏതിനും സഭയെ വിമർശിക്കുന്ന മാധ്യമസംസ്കാരത്തിന്റെ മദ്ധ്യത്തിൽ ക്രിസ്തു സ്നേഹിച്ചതുപോലെ സഭയെ, രൂപതയെ സ്നേഹിക്കാനും അവരുടെ സ്വരമായി മാറാനും ഓരോ അംഗങ്ങൾക്കും കഴിയണം. 'ഞാൻ ജീവിക്കുന്നു, എന്നാൽ ഞാനല്ല ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്' എന്ന് പറഞ്ഞ പൗലോസ് ശ്ലീഹായുടെ തീക്ഷ്ണതയോടെ പ്രവർത്തനനിരതമായ വിശ്വാസത്തിന്റെ ജീവിക്കുന്ന സാക്ഷികളായി ക്രിസ്തുവിന്റെ ദൗത്യം നാം തുടരണം. അതിനായി പ്രതിജ്ഞാബദ്ധരാകാൻ അദ്ദേഹം കൗൺസിലംഗങ്ങളെ പ്രചോദിപ്പിച്ചു.

ഒക്ടോബർ 2-ന് റൂബി ജൂബിലി സമാപനസമ്മേളനത്തിൽ വെച്ച് പ്രകാശിപ്പിക്കുവാൻ പോകുന്ന രൂപത ചരിത്ര ഗ്രന്ഥത്തെക്കുറിച്ച് വികാരി ജനറാൾ മോൺ. ജോസഫ് ചിറ്റിലപ്പിള്ളിയച്ചനും രൂപത പത്രത്തെ സംബന്ധിച്ച് ഫാ. തോം കിഴക്കേടത്തും പ്രഥമ രൂപത എപ്പാർക്കിയൽ അംസബ്ലിയെ സംബന്ധിച്ച് ഫാ. ജോർജ്ജ് തുരുത്തിപ്പള്ളിയും വിശദീകരണങ്ങൾ നൽകി.

തുടർന്ന് നടന്ന ചർച്ചയിൽ താഴെപ്പറയുന്ന കാര്യങ്ങൾ നിർദ്ദേശിക്കപ്പെട്ടു.

* ജൂബിലിയോടനുബന്ധിച്ച് പാവപ്പെട്ട യുവതികളുടെ സമൂഹവിവാഹം, നിർധനർക്ക് വീടുകൾ എന്നിവ സംഘടിപ്പിക്കുക
* അഗതികളോടും വൃദ്ധരോടും പ്രത്യേക പരിഗണനയും സ്നേഹവും പ്രകടമാക്കുന്ന കൃപാസദൻ പോലെയുള്ള സ്ഥാപനങ്ങൾ വിപുലീകരിക്കുക
* രൂപതയിലെ ഏറ്റവും കൂടുതൽ മക്കളുള്ള അമ്മച്ചിയെ ആദരിക്കുക.
* പ്രഫഷണൽ, സിവിൽ സർവ്വീസ് പോലെയുള്ള മേഘലകളിലേക്ക് യുവതിയുവാക്കളെ ശക്തമാക്കുവാൻ കോച്ചിങ്ങുകൾ സംഘടിപ്പിക്കുക.
* മൈക്രോ ഫൈനാൻസ്, സ്വയം തൊഴിൽ മേഖലകളെ പ്രോത്സാഹിപ്പിച്ച് സംരംഭങ്ങൾ തുടങ്ങാൻ സഹായിക്കുക.
* കാർഷിക രംഗത്ത് അനുഭവപ്പെടുന്ന പ്രതിസന്ധികളെ തരണം ചെയ്യുവാൻ വിഭവ സംസ്കരണ വിപണന സംവിധാനങ്ങളെ രൂപീകരിക്കുക.





അഭിവന്ദ്യ പിതാവ് ചർച്ച ക്രോഡികരിക്കുയും ഈ മേഖലകളിൽ രൂപത ഇന്ന് ചെയ്തുകൊണ്ടിരിക്കുന്ന സ്തുത്യർഹമായ സേവനങ്ങളെ കുറിച്ച് പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്ക് വിഹഗവീക്ഷണം നൽകുകയും ചെയ്തു. പാസ്റ്ററൽ കൗൺസിൽ ചർച്ചകളിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങൾ ഗൗരവമായി പരിഗണിച്ച് ഭാവിപരിപാടികൾ ആസുത്രണം ചെയ്യുന്നതാണെന്ന് ഉറപ്പുനൽകി. കൂടാതെ രൂപതാ എപ്പാർക്കിൽ അസംബ്ലിയിൽ സംബന്ധിക്കാൻ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ ലിസ്റ്റ് അവതരിപ്പിച്ചു. ഒക്ടോബർ 2-ന് നടക്കുന്ന റൂബി ജൂബിലി ആഘോഷ പരിപാടികളിലേക്ക് പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെ എല്ലാവരെയും ഹൃദ്യമായി ക്ഷണിച്ചു.

ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകളുടെയും തുടർ നടപടികളുടെയും പശ്ചാതലത്തിൽ കർഷകർ അഭിമുഖികരിക്കേണ്ടിവന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പാലക്കാട് ജില്ലയിൽ രൂപത ശക്തമായ നേതൃത്വം നൽകി. ഒരു പാസ്റ്ററൽ കൗൺസിൽ തന്നെ ഈ വിഷയത്തെ കുറിച്ചു ചർച്ച ചെയ്യുവാൻ വിളിച്ചു കൂട്ടുകയുണ്ടായി. ഈ കാര്യത്തിൽ അഭിവന്ദ്യ പിതാവ് കാണിച്ച താൽപര്യത്തിനും നേതൃത്വത്തിനും ഇടപെടലുകൾക്കും യോഗം പിതാവിനെയും രൂപതാ കർഷക സംരക്ഷണ ജാഗ്രതാ സമിതിയേയും മുക്തകണ്ഠം പ്രശംസിച്ചു. ഇന്ന് കർഷകർ (പ്രത്യേകിച്ച് റബ്ബർ കർഷകർ) അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ വേണ്ടി വന്നാൽ മറ്റൊരു പാസ്റ്ററൽ കൗൺസിൽ യോഗം പോലും വിളിക്കാനും നിർദ്ദേശം ഉയർന്നു.

**2014- 2017 കാലഘട്ടത്തിൽ പാസ്റ്ററൽ കൗൺസിലിന് നേതൃത്വം കൊടുക്കുവാൻ താഴെപ്പറയുന്നവരെ യോഗം തിരഞ്ഞെടുത്തു.**

ജനറൽ സെക്രട്ടറി : ഫാ. അബ്രാഹം പാലത്തിങ്കൽ

സെക്രട്ടറി : അഡ്വ. ശ്രീ. കെ. ടി. തോമസ് കിഴക്കേക്കര

ജോയിന്റ് സെക്രട്ടറി : അഡ്വ. ശ്രീമതി മിനി ഫ്രാൻസിസ്

അജണ്ട കമ്മിറ്റി അംഗങ്ങൾ : ശ്രീ. മോഹൻ ഐസക്, ശ്രീമതി ബീന ജോസഫ്, റവ. സി. ആലിസ് സി.എം.സി.

യോഗത്തിൽ 130 പേർ പങ്കെടുത്തു. ശ്രീ. കെ.ടി.തോമസ് ഏവർക്കും നന്ദിയർപ്പിച്ചു. ഒരുമണിയോടെ യോഗം പര്യവസാനിച്ചു.

**ഫാ. അബ്രാഹം പാലത്തിങ്കൽ**
ജനറൽ സെക്രട്ടറി

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 01-Nov-14 | SAT | Rev. Fr. Vazheparambil Sebastian |
| 03-Nov-14 | MON | Rev. Fr. Velliamkandathil Jaijin |
| 04-Nov-14 | TUE | Rev. Fr. Ackaparambil Joyson |
| 05-Nov-14 | WED | Rev. Fr. Aikkara Aji |
| 06-Nov-14 | THU | Rev. Fr. Aippanparambil Dominic |
| 07-Nov-14 | FRI | Rev. Fr. Alackakunnel Jose |
| 08-Nov-14 | SAT | Rev. Fr. Aloor John |
| 10-Nov-14 | MON | Rev. Fr. Angeveettil Jose |
| 11-Nov-14 | TUE | Rev. Fr. Anjilimoottil Cherian |
| 12-Nov-14 | WED | Rev. Fr. Arisseriyil Thomas |
| 13-Nov-14 | THU | Rev. Fr. Chakkalakal Joshy |
| 14-Nov-14 | FRI | Rev. Fr. Chakkiath James |
| 15-Nov-14 | SAT | Rev. Fr. Chakkumpeedika Davis |
| 17-Nov-14 | MON | Rev. Fr. Chalakkal Jeejo |
| 18-Nov-14 | TUE | Rev. Fr. Cheniyara Jose |
| 19-Nov-14 | WED | Rev. Fr. Cheekkapara Joy |
| 20-Nov-14 | THU | Rev. Msgr. Chittilapilly Joseph |
| 21-Nov-14 | FRI | Rev. Fr. Chittilapally Jose P. |
| 22-Nov-14 | SAT | Rev. Fr. Chothirakottu Peter |
| 24-Nov-14 | MON | Rev. Fr. Edathala George |
| 25-Nov-14 | TUE | Rev. Fr. Ettonnil Gilbert |
| 26-Nov-14 | WED | Rev. Fr. Ettumanookaran Martin |
| 27-Nov-14 | THU | Rev. Fr. Kachapilly Joby |
| 28-Nov-14 | FRI | Rev. Fr. Kalampadan Martin |
| 29-Nov-14 | SAT | Rev. Fr. Kalan Dhanesh |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**





## വിശ്വാസപരിശീലനവേദി

Email: catechismpalghat@gmail.com, Website: www.catechismpalghat.org

**മതാദ്ധ്യാപകദിനം**

ഈ വർഷത്തെ രൂപതാ റൂബിജൂബിലിയും മതാദ്ധ്യാപകദിനവും ഒക്ടോബർ 2-ാം തിയ്യതി സംയുക്തമായി ആഘോഷിക്കുന്നു.കത്തീഡ്രൽ ഗ്രൗണ്ടിൽവെച്ച് നടക്കുന്ന ആഘോഷങ്ങളിലേക്ക് എല്ലാ മതാദ്ധ്യാപകരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

NB : മതാദ്ധ്യാപക ദിനാഘോഷങ്ങൾക്ക് വരുന്ന എല്ലാ മതാദ്ധ്യാപകരും ഫോട്ടോ പതിച്ച് ബഹു. വികാരിയച്ചന്റെ ഒപ്പോടുകൂടി സർവ്വീസ് കാർഡുകൾ ധരിച്ചുവരണമെന്ന് ഓർമ്മിപ്പിക്കുന്നു.

**രൂപതാ കൗൺസിൽ അംഗങ്ങളെല്ലാവരും ഒക്ടോബർ 1-ാം തിയ്യതി ബുധനാഴ്ച വൈകുന്നേരം 4.00ന് രൂപതാ പാസ്റ്ററൽ സെന്ററിൽ എത്തിച്ചേരേണ്ടതാണ്.**

**മതാദ്ധ്യാപക അവാർഡുകൾ**

മതാദ്ധ്യാപകദിനത്തിൽ മതബോധനരംഗത്ത് 15, 25, 35 വർഷങ്ങളായി സേവനം ചെയ്ത താഴെപ്പറയുന്ന മതാദ്ധ്യാപകരെ അവാർഡ് നൽകി അനുമോദിക്കുന്നു.

**35 വർഷ അവാർഡ്**

1. ജോൺ കെ. വി. - എടത്തനാട്ടുകര
2. സി. ലിന്റോ ഗ്രേയ്സ് - ആരോഗ്യപുരം

**25 വർഷ അവാർഡ്**

1. ഗ്രേയ്സി ടോം - കൊല്ലംങ്കോട്
2. സി. എൽസിറ്റ സി.എസ്.സി. - തച്ചനടി
3. സി. ജിയോ സി.എസ്.സി. - തച്ചനടി
4. ജോർജ് മാറാമറ്റം - വടക്കുംഞ്ചേരി
5. ബേബി ജോർജ് - രാജഗിരി

**15 വർഷ അവാർഡ്**

1. ജാൻസി മത്തായി - കോട്ടായി
2. സി. ജ്യോതി സി.എം.സി. - ഇരുമ്പകച്ചോല
3. സി. സച്ചിത സി.എം.സി. - അഗളി
4. സി. ലിസ്സി ഗ്രേയ്സ് സി.എം.സി. - അഗളി
5. ജെസ്സി ആന്റോ - ചന്ദ്രനഗർ
6. മേരി ജോസ് - ചന്ദ്രനഗർ

7. ആനി ജോൺസൺ - കേരളശ്ശേരി
8. മേരി ജോസ് - ബാലേശ്വരം
9. സാലി തോമസ് - ബാലേശ്വരം
10. മിനി ഷിബു - കാഞ്ഞിരപ്പുഴ ഡാം
11. സിബി കെ. ജെ. - കാഞ്ഞിരപ്പുഴ ഡാം
12. സിറിയക്ക് കെ. ജി. - കാഞ്ഞിരപ്പുഴ ഡാം
13. മേഴ്സി പോൾ - ചിറ്റൂർ, പാലക്കാട്
14. ആനീസ് അഗസ്റ്റിൻ - പാലപ്പുറം
15. ജൈനമ്മ ജോസ് - കൈതച്ചിറ
16. ജോസഫ് സി. ഡി. - പാലക്കയം
17. തോമസ് മാത്യു - ചുള്ളിയാംകുളം
18. സോഫി ജോസഫ് - പാലക്കുഴി
19. സജീവ് മാത്യു - ചീനിക്കപ്പാറ
20. സിൽവി വിൽസൺ - ചീനിക്കപ്പാറ
21. സാലി ജോസഫ് - വഴിക്കടവ്
22. സാലി ജോസഫ് - അലനല്ലൂർ
23. തങ്കച്ചൻ അബ്രാഹം - പഴമ്പാലക്കോട്
24. ബാബു മാറാമറ്റം - ചിറ്റടി (മരിയനഗർ)
25. ബീന റപ്പായി - ചിറ്റടി (മരിയനഗർ)
26. റോബിൻ അങ്ങാടിയത്ത് - പുല്ലിശ്ശേരി
27. സി. ഷാന്റി ഒ.എസ്.എഫ്. - പുല്ലിശ്ശേരി
28. പി. യു. ജോണി - കടപ്പാറ
29. ഗ്രേയ്സി ജോയ് - കടപ്പാറ
30. ഓമന ജോർജ് - കടപ്പാറ
31. സി. ലിസറ്റ് എഫ്.സി.സി. - പൊൻകണ്ടം
32. സന്തോഷ് എം. ടി. - പന്തലാംപാടം

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ **"ശിശുക്കൾ എന്റെ അടുത്തു വരാൻ അനുവദിക്കുവിൻ; അവരെ തടയരുത്"** (ലൂക്ക. 18:16) എന്നതിനെ ആസ്പദമാക്കി ഏകദിന സെമിനാറുകൾ എല്ലാ ഫൊറോനകളിലും സംഘടിപ്പിക്കുന്നു. ഈ അധ്യയനവർഷം നമുക്ക് കുട്ടികളെ യേശുവിന്റെ പക്കലേക്ക് നയിക്കുന്ന ഉത്തരവാദിത്വമുള്ള വഴികാട്ടികളായി മാറാം. **സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

**ഒക്ടോ. 11 ശനി 9.30 am to 4.00 pm തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)**





നവംബർ 8 ശനി 9.30 am to 4.00 pm പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ)

**VII & VIII ലൈംഗിക ധാർമ്മികാവബോധ ഏകദിന സെമിനാർ 2014-15**

വർദ്ധിച്ചുവരുന്ന ലൈംഗിക അരാജകത്വത്തിന്റെ നടുവിൽ കുട്ടികൾക്ക് ദിശാബോധം നൽകുന്നതിനായി ലൈംഗിക ധാർമ്മികാവബോധ സെമിനാറുകൾ സംഘടിപ്പിച്ചിരിക്കുന്നു. ലൈംഗികത ദൈവദാനമാണെന്നുള്ള തിരിച്ചറിവിലേക്ക് കടന്നുവരുവാൻ ഈ സെമിനാറുകൾ കുട്ടികളെ സഹായിക്കട്ടെ.

**രജിസ്ട്രേഷൻ ഫീസ് 25 രൂപ**

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| **ഒക്ടോ. 12** | **ഞായർ** | **9.30am to 4.00pm** | **പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **ഒക്ടോ. 19** | **ഞായർ** | **9.30am to 4.00pm** | **മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **ഒക്ടോ. 26** | **ഞായർ** | **9.30am to 4.00pm** | **ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| നവം. 2 | ഞായർ | 9.30am to 4.00pm | മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ) |
| നവം.9 | ഞായർ | 9.30am to 4.00pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവം.23 | ഞായർ | 9.30am to 4.00pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ഡിസം. 14 | ഞായർ | 9.30am to 4.00pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഡിസം. 21 | ഞായർ | 9.30am to 4.00pm | മംഗലം ഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജനുവരി 4 | ഞായർ | 9.30am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**കയ്യെഴുത്ത് മാസികാമത്സരം**

Vമുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. മാസികയുടെ നീളം 12 ഇഞ്ചും വീതി 9 ഇഞ്ചും ആയിരിക്കണം. വരച്ച ചിത്രങ്ങൾ അല്ലാതെ ഫോട്ടോകൾ പാടില്ല. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി 2 രചനകൾ എങ്കിലും ഉണ്ടായിരിക്കണം.100 പേജിൽ കവിയാനും 75 പേജിൽ കുറയാനും പാടില്ല. മാസികയുടെ പേര് കഴിഞ്ഞുള്ള പേജ് ഒന്നും എഴുതാതിരിക്കാൻ ശ്രദ്ധിക്കണം. 2014 ഡിസംബർ 1-ാംതിയ്യതി ഫൊറോന ഡയറ

ക്ടറെ കയ്യെഴുത്തു മാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്തുമാസികയേ സ്വീകരിക്കുകയുള്ളൂ. അവയിൽനിന്ന് മികവു പുലർത്തുന്ന രണ്ട് മാസികകൾ ഫൊറോന ഡയറക്ടറുടെ മേൽനോട്ടത്തിൽ തിരഞ്ഞെടുത്ത് ഡിസംബർ 15ന് മുമ്പ് വിശ്വാസപരിശീലനവേദിയുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഫൊറോനാ തലത്തിലും രൂപതാ തലത്തിലും സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷകളിൽ രചനകൾ തയ്യാറാക്കാവുന്നതാണ്.

**കുട്ടികളുടെ ചെറുകഥാ ഉപന്യാസ മത്സരം**

അഞ്ച് മുതൽ II HDC വരെയുള്ള മതബോധന വിദ്യാർത്ഥികൾക്കായി ഒക്ടോബർ 19-ാം തിയ്യതി ഉപന്യാസ മത്സരവും നവംബർ 2-ാം തിയ്യതി ചെറുകഥാ മത്സരവും സംഘടിപ്പിച്ചിരിക്കുന്നു. UP, HS, HSS എന്നിങ്ങനെ മൂന്നു വിഭാഗങ്ങളായി തിരിച്ചാണ് മത്സരങ്ങൾ നടത്തുന്നത്. അതാത് സെന്ററുകളിൽവച്ച് നടത്തുന്ന മത്സര രചനകൾ അവിടെ തന്നെ പരിശോധിച്ച് ഓരോ വിഭാഗത്തിൽനിന്നും ഏറ്റവും മികച്ച രണ്ട് രചനകൾ (70% എങ്കിലും മാർക്കുള്ളവ) മാത്രം മതബോധന കേന്ദ്രത്തിൽ നവംബർ 3 ന് (ചെറുകഥ, ഉപന്യാസ മത്സരം) മുമ്പായി എത്തിക്കുക. മത്സര സമയം ഒരു മണിക്കൂർ ആയിരിക്കും. രചനകൾ മൂന്ന് പേജിൽ കവിയരുത്. രചനകളിൽ പേര്, സീൽ, മാർക്ക് എന്നിവ എഴുതരുത്. പേര്, ക്ലാസ്സ്, ഇടവക എന്നിവ ഒരു സ്ലിപ്പിൽ എഴുതി പിൻ ചെയ്യുക.

കേന്ദ്രത്തിലേക്ക് അയക്കുന്ന പേപ്പറിൽ മാർക്ക് ഇടരുത്. രൂപതാ തലത്തിലും ഫൊറോനാ തലത്തിലും സമ്മാനങ്ങൾ ഉണ്ടായിരിക്കും. ഫലം അറിഞ്ഞയുടൻ ഫൊറോനതല വിജയികൾ മതബോധന കേന്ദ്രത്തിൽ നിന്ന് സമ്മാനം സ്വീകരിക്കുക. രൂപതാതല വിജയികൾക്ക് 2015 മെയ് 30-ാം തിയ്യതി മതബോധന സംയുക്ത സമ്മേളനത്തിൽ വച്ച് സമ്മാനങ്ങൾ നൽകുന്നതാണ്.

**NB: മത്സരത്തിനുള്ള വിഷയങ്ങൾ ഒക്ടോബർ 2 ന് ഓരോ ഇടവകയിലെയും വിശ്വാസപരിശീലന പ്രധാന അദ്ധ്യാപകർ മതബോധന കേന്ദ്രത്തിൽ നിന്നും സ്വീകരിക്കേണ്ടത്.**

**ടീച്ചേഴ്സ് ക്വിസ്**

അദ്ധ്യാപകർക്കായുള്ള ക്വിസ് മത്സരം രണ്ട് തലങ്ങളിലാണ് നടത്തപ്പെടുന്നത്. ഇടവകകളിൽനിന്ന് തിരഞ്ഞെടുക്കപ്പെടുന്ന രണ്ടുപേരടങ്ങുന്ന ഒരു ടീം ഫൊറോനാതലത്തിൽ മത്സരിക്കുന്നു. അവിടെനിന്നും ഒന്നും രണ്ടും സ്ഥാനങ്ങളിൽ വിജയികളായവർ ആണ് രൂപതാതലത്തിൽ മത്സരിക്കുന്നത്. ഒക്ടോബർ 4 ന് ഫൊറോനാതലത്തിൽ എഴുത്തുപരീക്ഷയും നവംബർ 1 ന് രൂപതാതലത്തിൽ ഓഡിയോ വിഷ്വലോടുകൂടിയ പരീക്ഷയുമായിരിക്കും നടത്തപ്പെടുന്നത്.





**പഠനഭാഗം :** വിശ്വാസപരിശീലനത്തിനൊരുവഴികാട്ടി 50% (പേജ് : 100-143), ബൈബിൾ 50% (ലോഗോസ് ക്വിസ്)

**കുട്ടികളുടെ ക്വിസ്**

UP, HS, HSS എന്നിങ്ങനെ മൂന്നുവിഭാഗങ്ങളായി തിരിച്ചാണ് മത്സരങ്ങൾ നടത്തുന്നത്. ഇടവകയിൽനിന്നും രണ്ടുപേർ വീതമുള്ള രണ്ട് ടീം ഫൊറോനേടുന്നവരാണ് രൂപതാതലത്തിലേക്ക് യോഗ്യതനേടുക. ഒക്ടോബർ 4 ന് ഫൊറോനാതലമത്സരവും നവംബർ 1 ന് രൂപതാതല മത്സരവും ഉണ്ടായിരിക്കുന്നതാണ്. ഫൊറോനാതലം എഴുത്തുപരീക്ഷയും രൂപതാതലം ഓഡിയോ വിഷ്വലോടുകൂടിയ പരീക്ഷയുമായിരിക്കും നടത്തപ്പെടുന്നത്.

**പഠനഭാഗം :** വിശ്വാസപരിശീലനത്തിനൊരുവഴികാട്ടി 50%

ക്ലാസ്സ് 5, 6, 7 - പേജ് 21 മുതൽ 50 വരെ, 100 മുതൽ 132 വരെ

ക്ലാസ്സ് 8,9,10 - പേജ് 51 മുതൽ 98 വരെ, 134 മുതൽ 149 വരെ

ക്ലാസ്സ് 11, 12 - പേജ് 155 മുതൽ 215 വരെ

ബൈബിൾ ലോഗോസ് പഠനഭാഗം 50%

**ഒന്നാം സെമസ്റ്റർ പരീക്ഷ**

ഞായറാഴ്ച വേദോപദേശത്തിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 5-ാം തിയ്യതി ഞായറാഴ്ച നടക്കുന്നു. **രണ്ടുമണിക്കൂറായിരിക്കും പരീക്ഷ നടത്തപ്പെടുന്നത്.** V മുതൽ II HDC ക്ലാസുവരെ ഒന്നാം സെമസ്റ്റർ പരീക്ഷ 100 മാർക്കിൽ ആയതിനാൽ ഒന്നാം സെമസ്റ്ററിൽ ഇന്റേണൽ മാർക്ക് ഉണ്ടായിരിക്കുന്നതല്ല. **മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസ വർഷ മെഗാക്വിസ്** പഠനസഹായിയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതല്ല. **ലോഗോസ് ക്വിസിൽ നിന്നും വിശ്വാസപരിശീലനത്തിനൊരു വഴികാട്ടി** എന്ന പുസ്തകത്തിൽ നിന്നും ആയിരിക്കും ചോദ്യങ്ങൾ ഉണ്ടായിരിക്കുക. ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ്സ് വരെ 80 മാർക്കിൽ ആയിരിക്കും പരീക്ഷ. അവർക്ക് ഇന്റേണൽ മാർക്ക് ഉണ്ടായിരിക്കുന്നതാണ്.

**HDC കറസ്പോണ്ടൻസ് കോഴ്സ്**

ഈ വർഷത്തെ എച്ച്.ഡി.സി. കറസ്പോണ്ടൻസ് കോഴ്സിന്റെ ആദ്യഘട്ടം ഒക്ടോബർ 3,4 (വെള്ളി, ശനി) തിയ്യതികളിൽ നടത്തപ്പെടുന്നു. 3-ാം തിയ്യതി രാവിലെ 9.30 മുതൽ 4-ാം തിയ്യതി 3.30 വരെയാണ് ക്ലാസ്സ്. ടെക്സ്റ്റ് ബുക്ക്, ഉപപാഠപുസ്തകം, നോട്ട് ബുക്ക് ഇവ കൊണ്ടുവരേണ്ടതാണ്. ഇക്കാര്യം പ്രധാനാദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിച്ച് കുട്ടികളെ പറഞ്ഞയ്ക്കുക.

**SMCC സോണൽ മീറ്റ്**

SMCC സോണൽ മീറ്റ് നടക്കുന്ന തീയതിയും സ്ഥലവും താഴെചേർക്കുന്നു.

**ഒക്ടോ.12 9.30am to 4.00pm പാലക്കാട് സോൺ (പാസ്റ്ററൽ സെന്റർ) (പാലക്കാട്, ഒലവക്കോട്, ഒറ്റപ്പാലം, തത്തമംഗലം)**

| | | |
|---|---|---|
| **ഒക്ടോ.19** | **9.30am to4.00 pm** | **വടക്കഞ്ചേരി സോൺ** |
| | | **(ഫൊറോന പാരിഷ്ഹാൾ)** |
| | | **(വടക്കഞ്ചേരി, മംഗലംഡാം, മേലാർക്കോട്)** |
| നവം. 2 | 9.30am to 4.00pm | കാഞ്ഞിരപ്പുഴ സോൺ |
| | | (ഫൊറോന പാരിഷ്ഹാൾ) |
| | | കാഞ്ഞിരപ്പുഴ, പൊന്നംകോട്, മണ്ണാർക്കാട് |

**രൂപതാതല ശിൽപശാല**

രൂപതയിൽ നിന്നും സഭാതലത്തിലേയ്ക്ക് രണ്ട് ആൺകുട്ടികളേയും രണ്ട് പെൺകുട്ടികളേയും തെരഞ്ഞെടുത്ത് അയക്കുന്നതിനുള്ള ശിൽപശാല പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ശിൽപശാല നവംബർ 16-ാം തിയ്യതി വെകുന്നേരം 4.00 മണിക്ക് ആരംഭിച്ച് 17-ാം തിയ്യതി വൈകുന്നേരം 3.30ന് അവസാനിക്കുന്നു.

**സഭാതല ശിൽപശാല**

SMCC സഭാതല ശിൽപശാലയും അവാർഡ് ദാനവും ഡിസംബർ 26,27,28 തിയ്യതികളിലായി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് നടക്കുന്നു.

**I & II HDC ഏകദിന സെമിനാറുകൾ**

HDC ക്ലാസ്സിലെ പഠനശേഷം വിശ്വാസപരിശീലന രംഗത്തു നിന്നും ഔദ്യോഗികമായി വിടപറയുന്ന നമ്മുടെ കുട്ടികൾക്ക് തങ്ങൾ പഠിച്ചറിഞ്ഞ കാര്യങ്ങൾ എങ്ങനെ പ്രായോഗികമാക്കണം എന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും അവബോധവും നൽകുക എന്ന ലക്ഷ്യത്തോടെ ഫൊറോന കേന്ദ്രീകൃതമായി നടത്തിയ സെമിനാറുകൾ എല്ലാം പൂർത്തിയായി. 11 സെമിനാറുകളിലായി 1195 കുട്ടികൾ സംബന്ധിച്ചു. സഹകരിച്ച എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ

## സ്റ്റാർസ്

stars
Blogspot: starspalghat.blogspot.in

എല്ലാ ബാച്ചുകാർക്കുമുള്ള പ്രതിമാസ മുഖാഭിമുഖ പരിശീലനപരിപാടി സെപ്റ്റംബർ 6 ന് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. ബി & സി ഗ്രൂപ്പിൽ നിന്നും 95 കുട്ടികൾ സംബന്ധിച്ചു. ടോജോ സാർ, ഡെയ്സി ടീച്ചർ എന്നിവർ ക്ലാസ്സുകൾ എടുത്തു. റവ. ഫാ. ജോമിസ് കൊടകശ്ശേരിൽ, ഫാ. ജോമി തേക്കുംകാട്ടിൽ, ബ്ര.ജോസഫ് എന്നിവർ നേതൃത്വം നൽകി.





**അടുത്ത പരിശീലനദിനം**

**ഒക്ടോബർ 18 ശനി 9.30 am to 3.30 pm പാലക്കാട് പാസ്റ്ററൽ സെന്റർ**

**സെലക്ഷൻ ക്യാമ്പ്**

പുതിയബാച്ചിലേക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിലേക്കുള്ള സെലക്ഷൻ ക്യാമ്പ് **ഒക്ടോബർ 22 ബുധൻ 9.30** am to **3.30** pm **പാലക്കാട് പാസ്റ്ററൽ സെന്ററിൽ** വച്ച് നടത്തപ്പെടുന്നു.അപേക്ഷാ ഫോം നൽകിയ കുട്ടികൾ മാതാപിതാക്കളോടൊപ്പം അന്നേദിനം നടക്കുന്ന തിരഞ്ഞെടുപ്പു പരിപാടിയിൽ സംബന്ധിക്കേണ്ടതാണ്

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ

## ബൈബിൾ അപ്പോസ്തലേറ്റ്

Blogspot: bibleapostolatepalghat.blogspot.in

**ഉത്തരക്കടലാസ് ഓഫിസിൽ എത്തിക്കേണ്ടവിധം**

റെജിസ്ട്രേഷൻ ഫോമിൽ കുട്ടികളുടെ ക്ലാസ് രേഖപ്പെടുത്തിയതിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ ഉത്തരകടലാസിനോടൊപ്പം കുട്ടികളുടെ പേരും ക്ലാസ്സും ചേർത്ത ലിസ്റ്റും കൊടുത്തയക്കേണ്ടതാണ്. ഉത്തരകലാസ് തിരിച്ചുതരുമ്പോൾ ഗ്രൂപ്പ് തിരിച്ച് റെജിസ്ട്രേഷൻ ഫോമിലെ നമ്പറിന്റെ ക്രമപ്രകാരം ഉത്തരകടലാസ് ശേഖരിച്ച് രൂപതാ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ് . ഉത്തരക്കടലാസുകൾ സെപ്തംബർ 29-ാം തിയ്യതി തിങ്കളാഴ്ചതന്നെ രൂപതാ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**ലോഗോസ് 2014**

അഖില കേരള മത്സര പരീക്ഷയിൽ പങ്കെടുക്കാനുള്ളവരുടെ ജനനസർട്ടിഫിക്കറ്റും (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഇപ്പോഴത്തെ അഡ്രസ്സും, ഫോൺ നമ്പറും ഓരോ ഫോട്ടോയും ഇടവകയുടെ പേരുമടക്കം ഒക്ടോബർ 20 ന് മുൻപായി മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. രൂപതാതല വിജയികൾക്കായുള്ള (3x6=18) സംസ്ഥാനതല മത്സരം പി.ഒ.സിയിൽ വച്ച് 2014 നവംബർ 29 ന് രാവിലെ 10 ന് ആരംഭിക്കും.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ

# തിരുബാലസഖ്യം

Blogspot: www.holychildhoodpalghat.blogspot.in

**തിരുബാലസഖ്യ സെമിനാറുകൾ**

സെപ്തംബർ മാസത്തെ തിരുബാലസഖ്യം ഫൊറോനതല സെമിനാർ 27-ാം തീയ്യതി പൊന്നംകോട് ഫൊറോനയിൽ നടന്നു. പാലക്കാട് രൂപതാ ക്രിസ്റ്റീൻ ടീം അംഗങ്ങൾ ഫാ.റെന്നി പുല്ലുകാലായുടെ നേതൃത്വത്തിൽ സെമിനാർ നടത്തി. സഹകരിച്ച വേണ്ട ക്രമീകരണങ്ങൾ നടത്തിയ എല്ലാ വർക്കും ദൈവാനുഗ്രഹം നേരുന്നു.

**തിരുബാലസഖ്യ സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| **ഒക്ടോ. 11** | **ശനി** | **9.30 am to 4.00 pm** | **വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **ഒക്ടോ. 22** | **ബുധൻ** | **9.30 am to4.00pm** | **മംഗലം ഡാം ഫൊറോന (ഫൊറോന പാരിഷ് ഹാൾ)** |
| **ഒക്ടോ. 25** | **ശനി** | **9.30 am to 4.00 pm** | **താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| നവം. 22 | ശനി | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഡിസംബർ 6 | ശനി | 9.30 am to 4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |

ഫൊറോന സെമിനാറുകൾക്ക് വേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ ഫൊറോന ഡയറക്ടറോടൊപ്പം എല്ലാ ആനിമേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ.

**കലോത്സവം**

കുഞ്ഞുങ്ങളുടെ ആത്മീയ വളർച്ചക്കായി പരിശ്രമിക്കുന്നതോടൊപ്പം അവരുടെ നൈസർഗ്ഗിക കഴിവുകൾ വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെ ഫൊറോന രൂപതാതല മൽസരങ്ങൾ ഈ വർഷവും നടത്തുന്നു. **രൂപതാതല മൽസരം നടത്താൻ തീരുമാനിച്ചിരിക്കുന്നത് 2015 ജനുവരി 3-ാം തിയ്യതി ശനിയാഴ്ചയാണ്.** അതിനു മുമ്പായി ഫൊറോന മൽസരങ്ങൾ നടത്തേണ്ടതുണ്ട്. അതിനാൽ **സെപ്തംബർ, ഒക്ടോബർ, നവംമ്പർ മാസങ്ങളിലായി ഫൊറോനതല മൽസരം നടത്തി രൂപതയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റുകൾ 2014 ഡിസംബർ 10 ന് മുമ്പായി രൂപതാ മതബോധന കേന്ദ്രത്തിൽ ഏൽപിക്കേണ്ടതാണ്.** ഫൊറോന മൽസരങ്ങളുടെ നടത്തിപ്പിനായുള്ള പണം ഇടവകകളിൽ നിന്ന് തന്നെ ശേഖരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

ഇടവകതലത്തിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങളും





ഗ്രൂപ്പ് ഇനങ്ങളിൽ ഒന്നാം സ്ഥാനവും നേടുന്നവർക്ക് ഫൊറോന തലത്തിൽ മൽസരിക്കാവുന്നതാണ്. ഫൊറോന തലത്തിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങളും ഗ്രൂപ്പ് ഇനങ്ങളിൽ ഒന്നാം സ്ഥാനവും നേടുന്ന വർക്ക് രൂപതാതലത്തിൽ മൽസരിക്കാവുന്നതാണ്.

**വ്യക്തിഗത ഇനങ്ങളിൽ ഒരു കുട്ടി 2 എണ്ണത്തിലേ പങ്കെടുക്കാവൂ.**

മതബോധനത്തിൽ നാലാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾ മാത്രമാണ് തിരുബാലസഖ്യം അംഗങ്ങൾ. ആദ്യകുർബ്ബാന സ്വീകരണത്തിന്റെ അടിസ്ഥാനത്തിലല്ല തിരുബാലസഖ്യം അംഗങ്ങളെ നിശ്ചയിക്കുന്നത്. ഒരു മൽസരത്തിനും ആൺ-പെൺ വേർതിരിവുണ്ടായിരിക്കുന്നതല്ല.

**മൽസര ഇനങ്ങൾ**

**ജൂനിയേഴ്സ് (1,2 ക്ലാസ്സുകളിൽ പഠിക്കുന്നവർ)**

ലളിതഗാനം, ആക്ഷൻ സോംഗ്, ബൈബിൾ കഥ പറയൽ, പ്രസംഗം

**സീനിയേഴ്സ് (3,4 ക്ലാസ്സുകളിൽ പഠിക്കുന്നവർ)**

ലളിതഗാനം, ഗ്രൂപ്പ് സോംഗ്, ആക്ഷൻ സോംഗ്, ബൈബിൾ വാക്യങ്ങൾ എഴുതൽ, പ്രസംഗം.

**മത്സരനിയമാവലി**

**ലളിതഗാനം** - ക്രിസ്തീയ ഭക്തിഗാനങ്ങൾ ആയിരിക്കണം

**ആക്ഷൻ സോംഗ്-** കുറഞ്ഞത് 4 പേർ. 7 പേരിൽ കൂടരുത്. കുട്ടികൾ തന്നെ പാടി കളിക്കണം. ഒരു ആക്ഷൻസോംഗ് മാത്രമേ അവതരിപ്പിക്കാവൂ. ക്രിസ്തീയ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതാകണം. സമയം. 5 മിനിട്ട് (ഇത് ഡാൻസ് ആകരുത്, സിംഗിൾ സ്റ്റെപ്പ് മാത്രമേ പാടുള്ളു.)

**ബൈബിൾ കഥ പറയൽ-** ബൈബിൾ കഥ തന്നെയായിരിക്കണം. സമയം 5 മിനിട്ട്

**പ്രസംഗം-** സമയം 5 മിനിട്ട്

വിഷയം: കൂദാശകൾ ജീവന്റെ നീർച്ചാലുകൾ (സീനിയേഴ്സ്)

ശിശുക്കൾ എന്റെ അടുക്കൽ വരുവിൻ അവരെ തടയേണ്ട (ജൂനിയേഴ്സ്)

**ഗ്രൂപ്പ് സോംഗ്-** ക്രിസ്തീയ ഗാനം ആയിരിക്കണം. ഒരു ടീമിൽ ചുരുങ്ങിയത് 4 പേർ. 7 പേരിൽ കൂടാൻ പാടില്ല. ഒരു സംഗീത ഉപകരണവും അനുവദനീയമല്ല. സീനിയർ വിഭാഗത്തിൽ മാത്രമേ മൽസരം ഉള്ളുവെങ്കിലും കുട്ടികൾ തികയുന്നില്ലെങ്കിൽ ജൂനിയേഴ്സിനെക്കൂടി ഇതിൽ പങ്കെടുപ്പിക്കാം. സമയം 5 മിനിട്ട്. (ഡ്രസ്സിന്റെ ഭംഗി നോക്കിയല്ല ഈ ഇനങ്ങളിൽ മാർക്കിടുന്നത്.)

**ബൈബിൾ വാക്യങ്ങൾ എഴുതൽ-** പുസ്തകത്തിന്റെ പേര്, അദ്ധ്യായം, വാക്യം, എന്നിവ കൃത്യമായിരിക്കണം. ഉദ്ദേശിക്കുന്ന വാക്യം മുഴുവൻ എഴുതണം. ഒരു ഭാഗത്തിലെ വചനങ്ങൾ തുടർച്ചയായി എഴുതാൻ പാടില്ല. പി. ഒ. സി ബൈബിൾ ഉപയോഗിക്കുക. വി. മർക്കോസിന്റെ സുവിശേഷത്തിൽ

നിന്ന് മാത്രമായിരിക്കണം ബൈബിൾ വാക്യങ്ങൾ എഴുതേണ്ടത്. സമയം 10 മിനിട്ട്.

**ശ്രദ്ധിക്കുക.**

തിരുബാലസഖ്യം സംഘടനയുമായി ബന്ധപ്പെടുന്ന ഏതു പരിപാടിക്കു വരുമ്പോഴും കുട്ടികൾക്കെല്ലാം ബാഡ്ജ് ഉണ്ടായിരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഈ വർഷം ആൽബം മൽസരം ഉണ്ടായിരിക്കുന്നതല്ല.

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ

## അൾത്താരസംഘം

Blogspot: abapalghat.blogspot.in

സെപ്തംബർ മാസത്തെ അൾത്താരസംഘം ഫൊറോനതല സെമിനാർ 27 തീയ്യതി പൊന്നംകോട് ഫൊറോനയിൽ നടന്നു. രൂപതാ ഡയറക്ടർ, രൂപതാ ആനിമേറ്റർ എന്നിവർ സന്നിഹിതരായി. പാലക്കാട് രൂപതാ ക്രിസ്റ്റീൻ ടീം അംഗങ്ങൾ ഫാ.റെന്നി പുല്ലുകാലായുടെ നേതൃത്വത്തിൽ സെമിനാർ നടത്തി. സഹകരിച്ച് വേണ്ട ക്രമീകരണങ്ങൾ ചെയ്ത എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു.

**അൾത്താരസംഘം സെമിനാറുകൾ**

| | | | |
|---|---|---|---|
| **ഒക്ടോ. 11** | **ശനി** | **9.30 am to 4.00 pm** | **വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **ഒക്ടോ. 22** | **ബുധൻ** | **9.30 am to4.00pm** | **മംഗലം ഡാം ഫൊറോന (ഫൊറോന പാരിഷ് ഹാൾ)** |
| **ഒക്ടോ. 25** | **ശനി** | **9.30 am to 4.00 pm** | **താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| നവം. 22 | ശനി | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഡിസംബർ 6 | ശനി | 9.30 am to 4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |

**അൾത്താരസംഘം ക്വിസ് മൽസരം**

ഈ വർഷവും അൾത്താരബാലന്മാർക്കായി ക്വിസ് മൽസരം സംഘടിപ്പിക്കുന്നുണ്ട്. ഇടവകയിൽനിന്നും ജൂനിയർ (5,6,7) സീനിയർ (8-12) വിഭാഗങ്ങളിൽ ഓരോ ടീമിന് ഫൊറോനയിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കാം.





**പഠനഭാഗം**

| | | |
|---|---|---|
| വിശ്വാസപരിശീലനത്തിന് ഒരു വഴികാട്ടി | - | 50 മാർക്ക് (പേജ് 21-169) |
| കുർബ്ബാനപുസ്തകം | - | 15 മാർക്ക് |
| ലോഗോസ് ക്വിസ് പഠനഭാഗം | - | 20 മാർക്ക് |
| അൾത്താരശുശ്രൂഷകർ | - | 5 മാർക്ക് |
| അൾത്താര സംഘടന, പാലക്കാട് രൂപത | - | 10 മാർക്ക് |

ഫൊറോനതല മൽസരം നവംബർ 3 ന് 9.30 മണി മുതൽ 12 മണി വരെ ഫൊറോന സെന്ററുകളിൽ വച്ചും (കൂടുതൽ വിവരങ്ങൾക്ക് ഫൊറോന അൾത്താരസംഘം ഡയറക്ടറുമായി ബന്ധപ്പെടുക) രൂപതാതല മൽസരം ഡിസംബർ 13 ശനിയാഴ്ച 9.45 മുതൽ 1 മണി വരെ പാസ്റ്ററൽ സെന്ററിൽ വച്ചും നടക്കുന്നു.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ

## ചെറുപുഷ്പ മിഷൻ ലീഗ്

ഈശോയിൽ പ്രിയ കുഞ്ഞുമിഷനറിമാരേ,

ഏവർക്കും സുഖമെന്നുകരുതുന്നു. സംഘടനാപ്രവർത്തനങ്ങൾ നന്നായി നടക്കുന്നുവെന്ന് വിശ്വസിക്കുന്നു. എല്ലാ കുഞ്ഞുമിഷനറിമാർക്കും ജപമാലമാസാചരണത്തിന്റെ ആശംസകൾ നേരുന്നു. ഓരോ കുഞ്ഞുമിഷനറിമാരുടെയും കൈകളിലെ പ്രധാന ആയുധമാകണം ജപമാല.

**മേഖല സന്ദർശനം**

ഇക്കഴിഞ്ഞ ആഗസ്റ്റ് 31-ാം തിയ്യതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് മംഗലംഡാം മേഖല സന്ദർശനം നടത്തുകയുണ്ടായി. മേഖല ഡയറക്ടർ ബഹു. റെന്നി കാഞ്ഞിരത്തിങ്കലച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ച മാനേജിംഗ് കമ്മിറ്റിയിൽ വിവിധശാഖകളിൽനിന്നായി ഭാരവാഹികൾ സംബന്ധിച്ചു. പ്രസ്തുത കമ്മിറ്റിയിൽ വച്ച് സംഘടനയെക്കുറിച്ചും സംഘടനയുടെ ആവശ്യകതയെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും രൂപതാസമിതി ക്ലാസുകൾ നയിച്ചു.

സെപ്തംബർ 14-ാം തിയ്യതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് കാഞ്ഞിരപ്പുഴ മേഖല സന്ദർശനം നടത്തി. മേഖല ഡയറക്ടർ ബഹു. റെജി പെരുമ്പിള്ളിലച്ചൻ വിളിച്ചുചേർത്ത മാനേജിംഗ് കമ്മിറ്റിയിൽ വിവിധശാഖകളിൽനിന്നായി ഭാര

വാഹികൾ പങ്കെടുത്തു. മാനേജിംഗ് കമ്മിറ്റിയിൽ രൂപതാസമിതി സംഘടനയെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും ക്ലാസ് നൽകുകയുണ്ടായി. മേഖല സന്ദർശനങ്ങൾക്കുവേണ്ടി ക്രമീകരണങ്ങൾ നടത്തിയ ബഹു. റെന്നിയച്ചനും റെജിയച്ചനും രൂപതാസമിതിയുടെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**സംസ്ഥാനസമിതിയുടെ സന്ദർശനം**

വിവിധ രൂപതാപ്രവർത്തനങ്ങളെ അറിയുന്നതിന്റെയും വിലയിരുത്തുന്നതിന്റെ ഭാഗമായി പുതുതായി സ്ഥാനമേറ്റ സംസ്ഥാനസമിതിയെ പ്രതിനിധീകരിച്ച് സംസ്ഥാന ഡയറക്ടർ റവ. ഫാ. ജോബി പൂച്ചുകണ്ടത്തിൽ, സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. ബിനും മാങ്കൂട്ടം എന്നിവർ രൂപതാസമിതിയെ സന്ദർശിച്ചു. പ്രത്യേകമായി വിളിച്ചുചേർത്ത രൂപതാ എക്സിക്യൂട്ടിവിൽവച്ച് രൂപതാപ്രവർത്തനങ്ങളെ സംസ്ഥാനസമിതി വിലയിരുത്തി. സംസ്ഥാനപ്രവർത്തനങ്ങളിൽ രൂപതാസമിതിയുടെ സജീവ പങ്കാളിത്തം ഉറപ്പാക്കണമെന്നും സംസ്ഥാനപ്രതിനിധികൾ ആഹ്വാനം ചെയ്തു.

**സംഘടന മദ്ധ്യസ്ഥയുടെ തിരുനാൾ, സ്ഥാപകദിനം**

നമ്മുടെ സംഘടനയുടെ സ്വർഗ്ഗീയമദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ തിരുനാൾ (ഒക്ടോബർ 1), സംഘടനയുടെ സ്ഥാപകദിനം (ഒക്ടോബർ 3) എന്നീ ദിനങ്ങൾ സംഘടനാംഗങ്ങൾ ഓരോ ശാഖയിലും സമുചിതമായി ആചരിക്കണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

**കർമ്മപരിപാടികൾ - ഒക്ടോബർ**

1 ബുധൻ : വി കൊച്ചുത്രേസ്യായുടെ തിരുനാൾ, അസാധാരണ സമ്മേളനം, പൊതു ദിവ്യകാരുണ്യ സ്വീകരണം നടത്തുക.

ചിന്താവിഷയം : വി. കൊച്ചുത്രേസ്യാ സഭാജീവിതത്തിന്റെ മാതൃക.

3 വെള്ളി : ചെറുപുഷ്പ മിഷൻ ലീഗിന്റെ 67-ാം സ്ഥാപകദിനം-പതാകദിനം(ശാഖകളിൽ പതാക ഉയർത്തി അഭിവാദനം ചെയ്യുക) സ്ഥാപകദിനാചരണം നടത്തുക.

12 ഞായർ: വി. അൽഫോൻസാമ്മയുടെ വിശുദ്ധ പദവി ദിനാചരണം.

16 വ്യാഴം : വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ തിരുനാൾ

18 ശനി : മിഷൻ ഞായറിനോടനുബന്ധിച്ച് ഭവനസന്ദർശനം ശാഖ തലത്തിൽ നടത്തുക.

19 ഞായർ: മിഷൻ ഞായർ. അസാധാരണ സമ്മേളനവും പൊതു ദിവ്യകാരുണ്യസ്വീകരണവും നടത്തുക.





**അനുബന്ധ പ്രവർത്തനങ്ങൾ**

* പ്രാർത്ഥനാനിയോഗം- അധഃപതിച്ചുപോകുന്ന കുടുംബങ്ങൾക്കുവേണ്ടി
* മിഷൻ ഞായറിനോടനുബന്ധിച്ച് ഭവന സന്ദർശനം നടത്തുകയും സംഭാവനകൾ ശേഖരിച്ച് മിഷൻ കേന്ദ്രങ്ങൾക്ക് അയച്ചുകൊടുക്കുകയും ചെയ്യുക.
* മിഷൻലീഗ് അംഗങ്ങൾ വ്യക്തിപരമായി ജപമാലയർപ്പിക്കുക.
* അംഗത്വ നവീകരണം ആഘോഷപൂർവ്വം നടത്തുക.
* ശാഖകളിൽ ക്ലാസ്സുകൾ നടത്തുക (വിഷയം - കുടുംബത്തിലെ പ്രേഷിത ചൈതന്യം എങ്ങനെ വർദ്ധിപ്പിക്കാം).
* വി. അൽഫോൻസാമ്മയുടെ വിശുദ്ധ പദവി അനുസ്മരണത്തോടനുബന്ധിച്ച് പ്രാർത്ഥനാ സമ്മേളനങ്ങൾ, സെമിനാറുകൾ, റാലികൾ എന്നിവ നടത്തുകയും വി. അൽഫോൻസാമ്മയുടെ ഛായാചിത്രം ഓഫീസുകളിൽ പ്രതിഷ്ഠിക്കുകയും ചെയ്യുക.

**സുകൃതജപം**: "വി കൊച്ചുത്രേസ്യായേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ".

**ഫാ. ജോജി വടക്കേക്കര**
ഡയറക്ടർ

## കെ. സി. വൈ. എം

**ഷോർട്ട് ഫിലിം മത്സരം**

ക്രൈസ്തവമൂല്യങ്ങളിൽ സമൂഹത്തെ വാർത്തെടുക്കുന്നതിനും യൂണിറ്റുകളിലെ യുവജനകൂട്ടായ്മയുടെ ശാക്തീകരണം ലക്ഷ്യം വച്ചു കൊണ്ടും കെ.സി.വൈ.എം. പാലക്കാട് രൂപത സമിതി ഒരു ഷോർട്ട് ഫിലിം മത്സരം നടത്തുന്നു. യുവജനങ്ങളിലെ സർഗ്ഗവാസനകളെ അതിന്റെ തനിമയോടെ അവതരിപ്പിക്കാൻ ലഭിക്കുന്ന ഈ അവസരം വൈവിധ്യങ്ങളുടെ കലവറയാക്കുവാൻ യുവജനങ്ങൾ പരിശ്രമിക്കുമല്ലോ ? ഷോർട്ട് ഫിലിമുകൾ രജിസ്ട്രേഷനോടെ സമർപ്പിക്കേണ്ട അവസാന ദിവസം ഒക്ടോബർ 31 ആണ്.

**വിഷയം: നന്മയുടെ യുവത്വം നാളെയുടെ പ്രതീക്ഷ**

**നിബന്ധനകൾ**

* കെ.സി.വൈ.എം അംഗങ്ങൾ തന്നെയായിരിക്കണം സംവിധാനം, നിർമ്മാണം, സ്ക്രിപ്റ്റ് എന്നിവ ചെയ്യേണ്ടത്.

* സമയം 5 മിനിട്ടിൽ കുറവോ 7 മിനിട്ടിൽ കൂടുതലോ ആയിരിക്കരുത്.
* MP4 ഫയൽ ഫോർമാറ്റിലായി DVD യിലായിരിക്കണം സമർപ്പിക്കേണ്ടത്.
* ഒരു യൂണിറ്റിൽ നിന്നും നൽകാവുന്ന എൻട്രികളുടെ എണ്ണത്തിന് പരിമിതിയില്ല.
* ഒരു എൻട്രിക്ക് 200 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.
* സമർപ്പിക്കപ്പെടുന്ന ഷോർട്ട്ഫിലിം പൂർണ്ണമായും പുതിയതായി നിർമ്മിക്കപ്പെട്ടതായിരിക്കണം (മുൻപ് പ്രകാശിപ്പിക്കപ്പെടരുത്)
* സമർപ്പിക്കപ്പെടുന്ന ഷോർട്ട് ഫിലിമിന്റെ പൂർണ്ണ അവകാശം പാലക്കാട് രൂപത കെ.സി.വൈ.എം നായിരിക്കും.

**ഗ്രാമോത്സവ്**

ഗ്രാമീണജീവിതത്തിന്റെ ശാലീനതയും സൗന്ദര്യവും അടുത്തറിയുവാൻ ഒളിമങ്ങാത്ത ഗ്രാമീണ ശോഭ നുകരുവാൻ, ഗ്രാമീണജീവിതത്തിന് നഷ്ടമാകാത്ത നിഷ്കളങ്കതയും നിസ്വാർത്ഥതയും അനുഭവിക്കാൻ രൂപതയിലെ യുവജനങ്ങൾ ഒത്തുചേരുന്നു. ഒക്ടോബർ 24,25,26 തിയ്യതികളിലായി പൊന്നംകോട് ഫൊറോനയിലെ കാരാകുറുശ്ശി യൂണിറ്റിൽ വെച്ചു നടക്കുന്ന ഗ്രാമോത്സവിലേക്ക് ഏവർക്കും സ്വാഗതം.

**ഉത്സവ് 2014**

കെ.സി.വൈ.എം. ന്റെ രൂപത കലാ-കായിക മത്സരങ്ങൾ 2014 നവംബർ 8-ാം തിയ്യതി പാലക്കാട് മേഴ്സി കോളേജ് ഗ്രൗണ്ട്, പാസ്റ്ററൽ സെന്റർ എന്നിവിടങ്ങളിലായി നടത്തപ്പെടുന്നു.

**1. കായികമത്സരങ്ങൾ**

**ഓട്ടം** 100 മീ., 200 മീ., 400 മീ., 1500 മീ., റിലേ 4x100 മീ.

ഷോട്ട്പുട്ട്, ഡിസ്കസ് ത്രോ, ജാവലിൻത്രോ, ഹൈജംപ്, ലോങ്ങ് ജംപ്

**2. കലാമത്സരങ്ങൾ**

ലളിതഗാനം, പ്രസംഗം, മോണോ ആക്ട്, സിംഗിൾ ഡാൻസ്, കെ.സി.വൈ.എം ആന്തം, സംഘഗാനം, മാർഗ്ഗംകളി

**ഫാ. സീജോ കാരിക്കാട്ടിൽ**
ഡയറക്ടർ

## സി. എൽ. സി

**കർമ്മപരിപാടികൾ - ഒക്ടോബർ**

1 ബുധൻ : വി കൊച്ചുത്രേസ്യായുടെ തിരുനാൾ

1 - 4 : സി.എൽ.സി. അംഗങ്ങൾക്കുള്ള നേതൃത്വധ്യാനം (ധോണി മരിയൻ റിട്രീറ്റ് സെന്റർ





2 വ്യാഴം : കാവൽമാലാഖയുടെ തിരുനാൾ, പാലക്കാട് രൂപതയുടെ റൂബി ജൂബിലി ആഘോഷം

16 വ്യാഴം : വാ. തേവർപറമ്പിൽ കുഞ്ഞച്ചന്റെ തിരുനാൾ

19 ഞായർ: മിഷൻ ഞായർ

22 ബുധൻ: രൂപത അർദ്ധവാർഷിക സെനറ്റ്

**പ്രാർത്ഥന** : പരിശുദ്ധജപമാല രാജ്ഞി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

**പഠനം** : ക്രിസ്തീയ കുടുംബങ്ങളിൽ ജപമാല ഭക്തിക്കുള്ള പങ്ക്

**പ്രവർത്തനം:** ജപമാല ഭക്തിയുടെ ഉത്ഭവം, പ്രാധാന്യം എന്നിവയെക്കുറിച്ച് ഒരു ലേഖനം എഴുതി യൂണിറ്റ് സമ്മേളനത്തിൽ വായിക്കുക.

**ഫാ. തോം കിഴക്കേടത്ത്**
ഡയറക്ടർ

## ജീസസ് യൂത്ത്

### MY JESUS - Youth Conference

പാലക്കാട് രൂപതയിലെ യുവതിയുവാക്കൾക്കായി ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ **ഒക്ടോബർ 10,11,12** തിയ്യതികളിലായി **രൂപതാ പാസ്റ്ററൽ സെന്ററിൽ** വെച്ച് MY JESUS എന്നപേരിൽ ഒരു യൂത്ത് കോൺഫറൻസ് നടത്തുന്നു. 10-ാം തിയ്യതി വെള്ളിയാഴ്ച വൈകിട്ട് 5.00മണിക്ക് ആരംഭിക്കുന്ന പ്രോഗ്രാം ഞായറാഴ്ച വൈകിട്ട് 4.00 മണിക്ക് അവസാനിക്കുന്നതായിരിക്കും. ജീസസ് യൂത്ത് സെൻട്രൽ റിസോഴ്സ് ടീം അംഗങ്ങൾ ക്ലാസുകൾക്ക് നേതൃത്വം കൊടുക്കുന്നു. ഈശോയുമായുള്ള വ്യക്തിബന്ധത്തിൽ ആഴപ്പെടാനും വളരാനും സഹായിക്കുന്ന ധ്യാനം, ക്ലാസുകൾ, ജീവിതസാക്ഷ്യങ്ങൾ, ചർച്ചകൾ, ദൃശ്യശ്രാവ്യ പരിപാടികൾ, സംഗീതം എന്നിവ ഈ പ്രോഗ്രാമിന്റെ പ്രത്യേകതയാണ്. പങ്കെടുക്കാൻ താല്പര്യമുള്ള യുവതിയുവാക്കൾ ബഹു. വികാരിയച്ചന്റെ അറിവോടെ താഴെകാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്കുമാത്രമെ പ്രോഗ്രാമിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു. രജി.ഫീസ് 200/- രൂപ. ഫോൺ : 8592931585 (ജീസസ് യൂത്ത് ഫുൾടൈമർ), 9544317871 (ഫാ. ജെയ്മോൻ പള്ളിനീരാക്കൽ, ഡയറക്ടർ)

**ഫാ. ജെയ്മോൻ പള്ളിനീരാക്കൽ**
ഡയറക്ടർ

## മാതൃസംഘം

**അമ്മ അറിയാൻ**

വടക്കഞ്ചേരി, പാലക്കാട് മേഖലകളിലെ അമ്മ അറിയാൻ എന്ന മേഖലാതല സെമിനാർ നവംബർ ഒന്നാം തീയതി നടത്തപ്പെടുന്നു.

പാലക്കാട് മേഖലയിൽ പാലക്കാട്, ഒലവക്കോട്, ഒറ്റപ്പാലം, തത്തമംഗലം എന്നീ ഫോറോനകൾ ഉൾപ്പെടുത്തിയിരിക്കുന്നു.

വടക്കഞ്ചേരി മേഖലയിൽ വടക്കഞ്ചേരി, മംഗലംഡാം, മേലാർക്കോട് ഫോറോനകൾ ഉൾപ്പെടുത്തിയിരിക്കുന്നു.

**മേഖലാ തല മീറ്റിംഗ്:**

മേഖലാതല സെമിനാറിനൊരുക്കമായി ഈ മേഖലകളിൽ ഭാരവാഹികളുടെ മീറ്റിംഗ് നടത്തപ്പെടുന്നു.

വടക്കഞ്ചേരി മേഖലയിൽ എല്ലാ യൂണിറ്റുകളിൽ നിന്നുമുള്ള ഭാരവാഹികളുടെ മീറ്റിംഗ് ഒക്ടോബർ 3 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് വടക്കഞ്ചേരി പാരിഷ് ഹാളിൽ വച്ചും, പാലക്കാട് മേഖലയിൽ എല്ലാ യൂണിറ്റ് ഭാരവാഹികളുടെയും മീറ്റിംഗ് ഒക്ടോബർ 11 ശനിയാഴ്ച രാവിലെ 10 മണിക്ക് പാസ്റ്ററൽ സെന്ററിൽ വച്ചും നടത്തുന്നതാണ്യ പ്രസ്തുത മേഖലകളിലെ ഭാരവാഹികൾ മീറ്റിങ്ങിൽ എത്തിച്ചേരേണ്ടതാണ്.

**കൈയ്യെഴുത്തുമാസിക:**

കൈയ്യെഴുത്തുമാസിക മത്സരത്തിൽ പങ്കെടുക്കുന്ന യൂണിറ്റംഗങ്ങൾ രചന പൂർത്തിയാക്കി നവംബർ 8-ാം തീയതിക്കു മുൻപായി രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. പിന്നിട് ലഭിക്കുന്നവ മത്സരത്തിൽ പരിഗണിക്കുന്നതല്ല.

**ഫാ. ബിനു പൊൻകാട്ടിൽ**
ഡയറക്ടർ

## ഫാമിലി അപ്പോസ്തലേറ്റ്

മനസമ്മതത്തിനു മുമ്പു വിളിച്ചു ചൊല്ലുന്നതിനു സമർപ്പിക്കേണ്ട പുതിയ അപേക്ഷാഫോറം ജിം പ്രസ്സിൽ ലഭ്യമാണ്. മതിയായ കാരണങ്ങൾ ഉണ്ടെങ്കിലേ മനസമ്മതത്തിനു മുമ്പു വിളിച്ചു ചൊല്ലുന്നതിനു അനുവാദം ലഭിക്കൂ.





**പ്രീകാന കോഴ്സ്**

**ഒക്ടോബർ** മാസത്തിലെ പ്രീകാന കോഴ്സ് **6,7,8,9** തീയതികളിലും **നവംബർ** മാസത്തിലെ പ്രീകാന കോഴ്സ് **3,4,5,6** തിയ്യതികളിലും മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു. കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

പ്രീകാനയുടെ ദിവസങ്ങളിൽ മനസമ്മതം ക്രമീകരിക്കുന്നതും കോഴ്സു കഴിയുന്നതിനുമുമ്പ് പറഞ്ഞുവിടേണ്ടിവരുന്നതും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതുകൊണ്ടു വികാരിയച്ചന്മാർ ഇതു പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ



## കുടുംബകൂട്ടായ്മ

**1. യൂണിറ്റു ഭാരവാഹികളുടെ പുതിയ ലിസ്റ്റ്**

ഇടവകകളിലെ യൂണിറ്റു തിരഞ്ഞെടുപ്പുകൾ കഴിഞ്ഞെന്നു വിശ്വസിക്കുന്നു. യൂണിറ്റു ഭാരവാഹികളുടെ പേരും ഫോൺ നമ്പറും അയച്ചുതരാത്ത ഇടവകകൾ ഉടൻതന്നെ രൂപതാകേന്ദ്രത്തിൽ എത്തിക്കുമല്ലോ.

**2 ഫൊറോന സമ്മേളനങ്ങൾ**

നവംബർ മുതൽ ഫൊറോന കുടുംബയൂണിറ്റു ഭാരവാഹികളുടെ സമ്മേളനവും, ഫൊറോന തിരഞ്ഞെടുപ്പും നടത്തപ്പെടുന്നു. പ്രസ്തുത സമ്മേളനത്തിൽ ഫൊറോനയിലെ എല്ലാ യൂണിറ്റു ഭാരവാഹികളും പങ്കെടുക്കേണ്ടതാണ്.

**3. 'ജനപ്രകാശം'**

നമ്മുടെ രൂപതയുടെ മുഖപത്രമായ ജനപ്രകാശം യൂണിറ്റുകളിലെ ഭവനങ്ങളിൽ എത്തിക്കാൻ യൂണിറ്റു ഭാരവാഹികൾ ശ്രമിക്കുമല്ലോ. ഉത്തരവാദിത്വപൂർവ്വം ഈ ദൗത്യം നിർവഹിക്കുമല്ലോ.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ

## ALL KERALA CATHOLIC CONGRESS (A.K.C.C)

**യൂണിറ്റു സ്ഥാപനവും, ഫൊറോന സമ്മേളനവും**

നവംബർ മുതൽ രൂപതയിലെ എല്ലാ ഇടവകകളിലും AKCCയുടെ യൂണിറ്റുകൾ സ്ഥാപിക്കണം. ഇടവകയിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ടിരിക്കുന്നവരും, കുടുംബയൂണിറ്റു ഭാരവാഹികളും, കെ.സി.വൈ.എം, മാതൃസംഘം, പിതൃസംഘം എന്നീ സംഘടനകളുടെ ഭാരവാഹികളും ആണ് AKCCയുടെ യൂണിറ്റ്. ഇവരുടെ ഫൊറോനതല സമ്മേളനങ്ങൾ നടത്തി 2015 മെയ് 1 നു രൂപതസംഗമം നടത്താനാണ് ആഗ്രഹിക്കുന്നത്.

**AKCC നോമിനേഷൻ**

AKCC-ലേക്ക് ചുരുക്കം ചില ഇടവകകളിൽ നിന്നു നോമിനേഷൻ കിട്ടിയിട്ടില്ല. ബഹുമാനപ്പെട്ട വികാരിമാർ ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോർജ്ജ് തുരുത്തിപ്പിള്ളി**
ഡയറക്ടർ

## അസ്സോസിയേഷൻ ഓഫ് കാത്തലിക് കെയർ ഹോംസ് (ACCH)

അസ്സോസിയേഷൻ ഓഫ് കാത്തലിക് കെയർ ഹോംസിന്റെ പാലക്കാട് രൂപതാ ഘടകത്തിന്റെ അഭിമുഖ്യത്തിൽ രൂപതയിലെ എല്ലാ സ്ഥാപനങ്ങളിലെയും പ്രതിനിധികളുടെ ഒരു മീറ്റിംഗ് പാലക്കാട് രൂപതാകാര്യാലയത്തിൽവച്ച് കൂടുകയുണ്ടായി. പ്രസ്തുത സമ്മേളനത്തിൽ മാർ ജേക്കബ് മനത്തോടത്ത് പിതാവ് സന്ദേശം നൽകുകയും ബഹു. രൂപതാ പ്രൊക്കുറേറ്റർ ഫാ. ജോഷി പുലിക്കോട്ടിൽ, ഫാ. ജെയ്മോൻ പള്ളിനീരാക്കൽ, ഓഡിറ്റർ ശ്രീ. സദാനന്ദൻ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു. പ്രസ്തുത മീറ്റിംഗിൽ സ്ഥാപനങ്ങൾ വിവിധ ഗ്രാന്റുകൾ സ്വീകരിക്കുമ്പോൾ ഓഡിറ്റിംഗിൽ ശ്രദ്ധിക്കേണ്ട കൃത്യതയെക്കുറിച്ച് വിശദീകരിക്കുകയുണ്ടായി. പാലക്കാട് ജില്ലയിലെ സാമൂഹികനീതിവകുപ്പ് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കൗൺസിലർമാരായി നിയമിക്കപ്പെട്ട ബഹു. സി. വിജയ സി.എം.സി., സി. ശുഭ എന്നിവരെ അതേ മീറ്റിംഗിൽ ആദരിക്കുകയുണ്ടായി.

**ഫാ. എബിൻ കുളമ്പിൽ**
ഡയറക്ടർ







## കരിസ്മാറ്റിക് വാർത്തകൾ

**കൊയ്നോണിയ 2014**

കേരളത്തിലെ 24 സോണുകളിൽനിന്നുള്ള കരിസ്മാറ്റിക്ക് നേതൃത്വം ഒരുമിച്ച കൊയ്നോണിയ 2014 എന്ന പ്രോഗ്രാം സെപ്തംബർ 12 മുതൽ 15 വരെ കളമശ്ശേരി സെന്റ് പോൾസ് ഇന്റർനാഷനൽ സ്ക്കൂളിൽ വെച്ച് നടന്നു. 1500 പേർ പങ്കെടുത്ത ഈ കൂട്ടായ്മയിൽ നമ്മുടെ സോണിൽനിന്ന് 40 പേരാണ് പങ്കെടുത്തത്. KSTയോടൊപ്പം മോസ്റ്റ് റവ. ഡോ. ഫ്രാൻസീസ് കല്ലറക്കൽ, മാർ. റാഫേൽ തട്ടിൽ, സാമുവൽ മാർ ഇരണിയോസ്, മോസ്റ്റ് റവ. ഡോ. ഫ്രാൻസിസ് കാലിസ്റ്റ്, റൈറ്റ് റവ. ഡോ. ജോസഫ് കരിക്കാശ്ശേരി എന്നിവരും ശുശ്രൂഷകൾ നയിച്ചു. സമാപനസന്ദേശം നൽകിയത് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവാണ്. പങ്കെടുത്ത എല്ലാവർക്കും പ്രത്യേകം നന്ദി.

**അഖണ്ഡജപമാലയും 40 മണിക്കൂർ ആരാധനയും**

ഒക്ടോബർ മാസം ജപമാലഭക്തിക്ക് പ്രതിഷ്ഠിതമായ മാസമാണല്ലോ. പരി. അമ്മയോട് മാദ്ധ്യസ്ഥം യാചിക്കുന്നതിനും അതുവഴി നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും രൂപതയിലിലും പ്രത്യേകമാംവിധം അമ്മയുടെ സംരക്ഷണം ലഭിക്കുന്നതിനും തീക്ഷ്ണമായി നമുക്ക് പ്രയത്നിക്കാം. ഒക്ടോബർ 1 മുതൽ രൂപതയിലെ എല്ലാ ഇടവകകളിലും ഓരോദിവസം വിതം നടത്തുന്ന അഖണ്ഡ ജപമാലയുടെ ക്രമീകരണങ്ങൾ പൂർത്തിയായി 150 പേരടങ്ങുന്ന ഒരു ടീം ഇതിനായി ഇടവകകളിലേക്ക് പോകുവാൻ ക്രമീകരിച്ചിട്ടുണ്ട്. സമാപനത്തിൽ പാലക്കാട് കത്തീഡ്രൽ ദൈവാലയത്തിൽവെച്ച് 410 മണിക്കൂർ ആരാധനയും നടത്തുന്നു. 30-ന് രാവിലെ 5 മുതൽ വെള്ളി രാത്രി 9 മണിവരെയാണ് ആരാധന. മാർ ജേക്കബ് മനത്തോടത്ത് പിതാവ് സമാപന സന്ദേശം നൽകും. തുടർന്ന് ജാഗരണപ്രാർത്ഥന രാവിലെ 4.30 വരെ ഉണ്ടായിരിക്കുന്നതാണ്.

**Zume 2 ലീഡേഴ്സ് ട്രൈനിങ്ങ് പ്രോഗ്രാം**

സെപ്തംബർ മാസത്തെ പ്രോഗ്രാം 19.20 തിയ്യതികളിൽ പാസ്റ്ററൽ സെന്ററിൽ വെച്ചു നടത്തുന്നു. റവ. ഫാ. കാച്ചപ്പിള്ളി, തോമസ് കുര്യൻ എന്നിവർ ക്ലാസുകൾ നയിച്ചു. ഒക്ടോബർ മാസം അഖണ്ഡ ജപമാല ഉള്ളതുകൊണ്ട് പ്രോഗ്രാം ഉണ്ടായിരിക്കുന്നതല്ല.

**ഫാ. ഡൊമിനിക് ഐപ്പൻപറമ്പിൽ**
ഡയറക്ടർ



# മദ്യവിരുദ്ധ സമിതി

മദ്യവിരുദ്ധ പ്രവർത്തകർക്ക് അനന്തമായ പ്രവർത്തന സാധ്യതകളാണ് കേരള സമൂഹത്തിൽ ഇന്നുള്ളത്. കാലത്തിന്റെ അടയാളങ്ങൾ വായിച്ചറിഞ്ഞു തിരിച്ചറിഞ്ഞു ജീവൻ സമൃദ്ധമായി നല്കുന്ന പ്രവാചക പ്രക്രിയയിൽ നമുക്ക് സഹകാരികളാകാം.

കർമ്മനിരതമായ പോയ വർഷം ഒരു പുളിമാവുപോലെ പ്രവർത്തിച്ച് നൂറ് കണക്കിന് ഹൃദയങ്ങളിൽ ലഹരിക്കെതിരായ ചിന്ത ഉണർത്താൻ സമിതിയുടെ സാന്നിദ്ധ്യം ഉപയുക്തമായി. കേരളത്തിന്റെ പൊതുസമൂഹവും രാഷ്ട്രീയ, സാമുദായ, സാംസ്കാരിക, മതനേതാക്കളും ഗവൺമെന്റും ലഹരിക്കെതിരെ ഉണർന്നെഴുന്നേറ്റിരിക്കുന്നു. മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് തിലകക്കുറിയായി പ്രവർത്തകർക്ക് ആവേശകരവും പ്രത്യാശയുമായി ലഹരിവിമോചന പ്രവർത്തനങ്ങൾക്ക് സമൂഹത്തിൽ വലിയ സ്വീകാര്യത ലഭിച്ചിരിക്കുന്നു. എങ്കിലും ഇനിയും നാം കൂടുതൽ തീക്ഷ്ണതയോടെ പ്രവർത്തിക്കേണ്ടതുണ്ട്. മദ്യത്തിനെതിരെയുള്ള നമ്മുടെ പോരാട്ടം തുടരേണ്ടതിനും അതുവഴി സമ്പൂർണ്ണ ലഹരിവിമുക്ത സംസ്ഥാനമായി നമ്മുടെ കൊച്ചുകേരളം മാറുന്നതിനും നമുക്കൊരുമിച്ച് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

**അറിയിപ്പുകൾ:**

1. നമ്മുടെ പുതിയ രൂപതാ മദ്യവിരുദ്ധ സമിതി നിലവിൽ വന്നിട്ട് ഫെബ്രുവരിയിൽ 3 വർഷം തികയുന്നു. ജനുവരി മാസം പുതിയ രൂപതാ സമിതിയുടെ തിരഞ്ഞെടുപ്പ് നടത്തപ്പെടുന്നു. അതിനായി എല്ലാ ഇടവകകളിലും യൂണിറ്റ് തിരഞ്ഞെടുപ്പുകൾ നടത്തേണ്ടതാണ്.
2. ഇതുവരെയും യൂണിറ്റുകൾ തുടങ്ങാത്ത ഇടവകയിൽ ഉടൻ തന്നെ യൂണിറ്റുകൾ സ്ഥാപിക്കുമല്ലോ?
3. യൂണിറ്റിൽ പുതിയ മെമ്പേഴ്സിനെ ചേർക്കുമ്പോൾ പൂരിപ്പിച്ച് നൽകേണ്ട ഫോം രൂപതാ സമിതിയിൽ നിന്ന്ലഭിക്കുന്നതാണ്.
4. രൂപതയുടെ റൂബി ജൂബിലി വർഷത്തിൽ നമ്മുടെ കുടുംബങ്ങളെ ലഹരിവിമുക്തമാക്കാം. അതിനായി എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ജീജോ പാറയിൽ**
ഡയറക്ടർ







# സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനം നയിക്കുന്നത്** |
|---|---|---|
| ഒക്ടോബർ | 05-10 | വൈദികരുടെ ധ്യാനം<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ഒക്ടോബർ | 12-17 | ആന്തരികസൗഖ്യ ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഒക്ടോബർ | 19-24 | സിസ്റ്റേഴ്സിന്റെ ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഒക്ടോബർ | 26-31 | ആന്തരികസൗഖ്യ ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |

സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 - 253496

**സെഹിയോൻ കൺവെൻഷൻ**

ഒക്ടോബർ 19 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV

**സെഹിയോൻ മൊബൈൽ ആപ്ലിക്കേഷൻ**

ഈ ആപ്ലിക്കേഷൻ ഇന്റർനെറ്റ് കണക്ഷനുള്ള എല്ലാ ഫോണുകളിലും റൺ ചെയ്യുന്നതാണ്. ആൻഡ്രോയ്ഡ് സ്റ്റോർ, ഐഫോൺസ്റ്റോർ എന്നിവയിൽ ഈ ആപ്ലിക്കേഷൻ ലഭ്യമാണ്. കൂടാതെ **www.sehion.org/m** എന്ന അഡ്രസ്സിലും ലഭ്യമാണ്. സെഹിയോൻ ശുശ്രൂഷകളും സഭാത്മക ശുശ്രൂഷകളും സെഹിയോൻ വീഡിയോ ഓഡിയോ പ്രോഗ്രാമുകളും ഇതിലൂടെ ലഭ്യമാണ്.

**സൗജന്യപരിശീലനം**

പാലക്കാട് മാറാനാത്ത മീഡിയ സെന്ററിൽ ഒന്നരവർഷം നീണ്ടുനിൽക്കുന്ന പരിശീലനത്തിലേക്ക് പ്ലസ് ടു പാസായ കുട്ടികളിൽനിന്ന് അപേക്ഷകൾ സ്വീകരിക്കുന്നു. ഒന്നരലക്ഷം ചിലവുവരുന്ന ഈ പരിശീലനം തീർത്തും സൗജന്യമാണ്. വീഡിയോ എഡിറ്റിംഗ്, ക്യാമറ, ഗ്രാഫിക്സ്, ആനിമേഷൻ

എന്നിവ ഉൾപ്പെടുന്ന കോഴ്സിന്റെ കാലാവധി ഒന്നരവർഷമാണ്. പാലക്കാട് രൂപതയിൽപ്പെട്ട ആൺകുട്ടികൾക്ക് മുൻഗണന. ഭക്ഷണം, താമസം എന്നിവ സ്വയം കണ്ടെത്തണം. ഒക്ടോബർ 25 മുതൽ അപേക്ഷാഫോറം മാറാനാത്ത മീഡിയ സെന്ററിൽനിന്ന് (10.00am to 4.00 pm) ലഭ്യമാണ്. അന്വേഷണങ്ങൾക്ക് : 0491 2504090, 2504290, 8301854090

**സെഹിയോനിലെ മാറിയ ഫോൺനമ്പറുകൾ**

| | |
|---|---|
| പ്രാർത്ഥനാസഹായം | : 04924 227000 |
| ധ്യാനം ബുക്കിംഗ് (അന്വേഷണങ്ങൾക്ക്) | : 04924 253496, 8281473647 |

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്

# പി. എസ്. എസ്. പി.

**ആഹ്ലാദ മുഹൂർത്തം**

കാരിത്താസ് ഇന്ത്യ രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികൾക്കിടയിൽ അഖിലേന്ത്യാതലത്തിൽ നടത്തിയ ഏറ്റവും നല്ല വാർഷിക റിപ്പോർട്ടിന് PSSP Annual Report 2013-14 അർഹമായി. 2014 സെപ്റ്റംബർ 18, 19 തിയ്യതികളിൽ ബാംഗ്ലൂരിൽവെച്ചു നടന്ന നാഷണൽ അസംബ്ലിയിൽവച്ച് പ്രശംസാപത്രവും ഫലകവുമടങ്ങുന്ന അവാർഡ് എക്സി. സെക്രട്ടറി ഏറ്റുവാങ്ങി.

**പുതിയ പ്രോജക്ട്**

കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയെ അന്യസംസ്ഥാന തൊഴിലാളികളുടെ ഇടയിൽ എയ്ഡ്സ് ബോധവത്കരണ, നിയന്ത്രണ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള ഏജൻസിയായി തിരഞ്ഞെടുത്തിരിക്കുന്നു. ഒക്ടോബർ 1 മുതൽ മലപ്പുറം ജില്ലയിൽ പ്രവർത്തനങ്ങൾ ആരംഭിക്കും.

**കുടുംബകൃഷി**

അന്താരാഷ്ട്ര കുടുംബകൃഷി വർഷാചരണത്തോടനുബന്ധിച്ച് 2014 ഓഗസ്റ്റ് മാസത്തെ അഭിവന്ദ്യ പിതാവിന്റെ ഇടയലേഖനം വളരെയേറെ കുടുംബങ്ങളെ കുടുംബകൃഷിയിലേക്ക് തിരിച്ചുകൊണ്ടുവന്നിരിക്കുകയാണല്ലോ. കുടുംബകൃഷി പ്രോത്സാഹനത്തിനായി ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.





* രൂപതയുടെ റൂബിജൂബിലി ആഘോഷവേളയിൽ കത്തീഡ്രൽ അങ്കണത്തിൽ പ്രത്യേകം സജ്ജമാക്കിയ സ്റ്റാളിൽ കുടുംബകൃഷി രൂപതാതല ഉദ്ഘാടനം നടക്കുന്നതാണ്.
* ഇതേ സ്റ്റാളിൽ നിന്ന് പച്ചക്കറിവിത്തുകളും തൈകളും കുറഞ്ഞ ചിലവിൽ വാങ്ങുന്നതിനും ബുക്കു ചെയ്യുന്നതിനും അവസരമുണ്ട്.
* ഇടയലേഖനത്തിലെ നിർദ്ദേശാനുസരണം രൂപതയിലെ താത്പര്യമുള്ള പള്ളികളിലും സ്ഥാപനങ്ങളിലും മാതൃകാ കൃഷിത്തോട്ടങ്ങൾ ഗ്രോബാഗിൽ സെറ്റ് ചെയ്ത് കൊടുക്കപ്പെടും. കൂടുതൽ ആവശ്യക്കാരുണ്ടെങ്കിൽ പരിഗണിക്കുന്നതുമാണ്.
* ഏറ്റവും നല്ല കൃഷിത്തോട്ടമുള്ള പള്ളികൾക്ക് ഫൊറോനാതലത്തിൽ പ്രശംസാ പത്രവും ഫലകവുമടങ്ങുന്ന പ്രോത്സാഹന സമ്മാനങ്ങൾ 2015 ജനുവരി 9 ന് ആരംഭിക്കുന്ന പൊലിമ കാർഷികോത്സവത്തിൽവെച്ച് നല്കുന്നതാണ്. (തിരഞ്ഞെടുപ്പിൽ സംഘാടക സമിതിയുടെ തീരുമാനം അന്തിമമായിരിക്കും)
* കുടുംബകൃഷിക്കാവശ്യമായ എല്ലാ തുടർ പ്രോത്സാഹന പ്രവർത്തനങ്ങളും വിപണനസൗകര്യങ്ങളും കൊയ്നോണിയ സൂപ്പർമാർക്കറ്റിൽ ഒരുക്കിയിട്ടുണ്ട്. (ഫോൺ: 9446420395)
* രോഗപ്രതിരോധ ശേഷിയുള്ള നാടൻ പശുവിന്റെ പാൽ വാങ്ങുവാനും വില്ക്കുവാനും താത്പര്യമുള്ളവർ ബന്ധപ്പെടുക: 9447180679
* നാടൻകോഴി, നാടൻ (കുട്ടനാടൻ) താറാവ്, ആവശ്യമുള്ളവർ വിളിക്കുക : 9495960395

**ജില്ലാ വിമൻസ് ഹെഡ് മീറ്റിംഗ്**

ജില്ലാ വിമൻസ് ഹെഡ് മീറ്റിംഗ് 01.10.2014 നു ബുധനാഴ്ച കാലത്ത് 11 മണിക്ക് പി.എസ്.എസ്.പി യിൽ വച്ച് നടത്തപ്പെടുന്നു.

**ബ്ലോക്ക് ഹെഡ് മീറ്റിങ്ങുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 8.10.04 | ബുധൻ | മണ്ണാർക്കാട് | വെള്ളത്തോട് | 10.30 am |
| 9.10.14 | വ്യാഴം | ശ്രീകൃഷ്ണപുരം | കിളികുന്ന് | 10.30 am |
| 10.10.14 | വെള്ളി | കുഴൽമന്ദം | മാത്തൂർ | 10.30 am |
| 11.10.14 | ശനി | പാലക്കാട്/മലമ്പുഴ | പി.എസ്.എസ്.പി | 10.30 am |
| 14.10.14 | ചൊവ്വ | പാലക്കാട് | കോങ്ങാട് | 10.30 am |
| 15.10.14 | ബുധൻ | നെന്മാറ | പാരിഷ്ഹാൾ | 10.30 am |
| 20.10.14 | തിങ്കൾ | അട്ടപ്പാടി | ഗൂളിക്കടവ് | 10.30 am |
| 22.10.14 | ബുധൻ | ആലത്തൂർ | FCC വടക്കുഞ്ചേരി | 10.30 am |

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 3.10.14 | തിങ്കൾ | ഗൂളിക്കടവ് പാരിഷ്ഹാൾ | 10.30am to 2.00 pm |
| 15.10.14 | ബുധൻ | നെന്മാറ, പാരിഷ്ഹാൾ | 10.30am to 1.00 pm |
| 16.10.14 | വ്യാഴം | കരിമ്പ പാരിഷ്ഹാൾ | 10.30am to 2.00 pm |
| 20.10.14 | തിങ്കൾ | ഗൂളിക്കടവ് പാരിഷ് ഹാൾ | 10.30am to 2.00 pm |
| 21.10.14 | ചൊവ്വ | സാൻജോടവർ, പാലക്കാട് | 10.30am to 2.00 pm |
| 22.10.14 | ബുധൻ | FCC വടക്കഞ്ചേരി | 11.00am to 2.00 pm |
| 27.10.14 | തിങ്കൾ | പൊരിയാനി, മുണ്ടൂർ | 10.00am to 2.00 pm |

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 365 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 550 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 700 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും വെവ്വേറെ ചേർക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**മൈനോരിറ്റി ഗ്രൂപ്പുകൾ (പിന്നോക്ക/മതന്യൂനപക്ഷഗ്രൂപ്പ്)**

പിന്നോക്ക വിഭാഗ വികസന കോർപറേഷന്റെ വായ്പാ സഹായങ്ങൾ പി.എസ്.എസ്. പി. വഴി ലഭ്യമാക്കുവാൻ വേണ്ടി ഇവരുടെ ഗ്രൂപ്പുകൾ പി. എസ്.എസ്.പി യുടെ സഹായത്തോടെ ആരംഭിക്കുന്നു. (ക്രിസ്ത്യൻ, മുസ്ലീം, ഒ.ബി.സി) ആരംഭിക്കുവാൻ താല്പര്യമുള്ളവർ പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടുക.

**സോപ്പും സോപ്പുല്പന്ന നിർമ്മാണ, വിപണന പരിശീലനം**

നിത്യോപയോഗസാധനങ്ങളായ സോപ്പും, സോപ്പുല്പന്നങ്ങളുടേയും രണ്ടുദിവസത്തെ പരിശീലനം (10 തരം ഉല്പന്നങ്ങൾ) 30 പഠിതാക്കളുള്ള സ്ഥലങ്ങളിൽ വച്ച് പരിശീലിപ്പിക്കുന്നു. ആവശ്യമുള്ളവർ PSSP ഓഫീസുമായി ബന്ധപ്പെടുക.

**ഈ മാസത്തെ പരിശീലനങ്ങൾ**

ഒക്ടോബർ 3,4 തീയതികളിൽ കാഞ്ഞിരപ്പുഴ ഫോറോന പാരീഷ് ഹാളിൽ
ഒക്ടോബർ 6, 7 തീയതികളിൽ കല്ലടിക്കോട് കാഞ്ഞിരാനിയിൽ
ഒക്ടോബർ 23, 24 തീയതികളിൽ അട്ടപ്പാടി, ഗൂളിക്കടവ് പാരീഷ് ഹാളിൽ





ഒക്ടോബർ 29, 30 തീയതികളിൽ പാസ്റ്ററൽ സെന്ററിൽ

**നബാർഡ് വനിത സ്വയം സഹായസംഘം (NWSHG)**

കുടുംബശ്രീയിൽ അംഗങ്ങളല്ലാത്ത 10 മുതൽ 20 വരെ സ്ത്രീകളെ ഒരുമിച്ചുകൂട്ടി നബാഡിന്റെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിൽ എവിടേയും അയൽകൂട്ടങ്ങൾ രൂപീകരിക്കുകയും, ഈ ഗ്രൂപ്പുകളെ തെരഞ്ഞെടുക്കപ്പെട്ട ബാങ്കുമായി ബന്ധപ്പെടുത്തി സ്വയം തൊഴിലിനുവേണ്ടി വായ്പ തരപ്പെടുത്തി കൊടുക്കുകയും ചെയ്യുന്നു. താല്പര്യമുള്ളവർ PSSPഓഫീസുമായി ബന്ധപ്പെടുക. ഈ ഗ്രൂപ്പുകളെ മറ്റു പല തരത്തിലും PSSP സഹായിക്കുകയും ചെയ്യുന്നു.

Ph:9447020395, 04912527784-04912520395, 9947852087

## കേരള ലേബർ മൂവ്മെന്റ് (KLM)

**വൈദിക പരിശീലനം**

കേരള ലേബർ മൂവ്മെന്റ് അഖിലകേരളാടിസ്ഥാനത്തിൽ വൈദികർക്കായി ചങ്ങനാശ്ശേരി രൂപതിയിൽ വച്ച് നടത്തിയ പരിശീലനപരിപാടിയിൽ നമ്മുടെ രൂപതയിൽ നിന്ന് ബഹു. ജിജോ പാറയിൽ, ബഹു. തോമസ് കുളമ്പിള്ളിൽ, ബഹു. ധനേഷ് കാളൻ എന്നീ വൈദികർ സംബന്ധിച്ചു. അച്ചന്മാർക്ക് കെ. എൽ.എം. പാലക്കാട് രൂപതയുടെ നന്ദിയും അഭിനന്ദനങ്ങളും.

**ക്ഷേമനിധി വിതരണം ചെയ്തു.**

2012-13 വർഷത്തിൽ ഗാർഹിക തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ 60 വയസ്സിനുമുകളിൽ പ്രായമുള്ളവർക്കായി കേരള സംസ്ഥാന ഗവൺമെന്റിന്റെ ക്ഷേമനിധി ബോർഡിൽനിന്ന് 10,800/- രൂപവീതം ജില്ലാ തല ഓണാഘോഷപരിപാടിയിൽ വച്ച് വിതരണം ചെയ്തു.

**ക്ഷേമനിധിയിൽ ചേർക്കുന്നു.**

സ്കുളുകൾ, കോളേജുകൾ, മറ്റുസ്ഥാപനങ്ങൾ എന്നിവയിൽ ജോലിചെയ്യുന്ന, സാമൂഹിക സുരക്ഷാപദ്ധതികൾ ഒന്നിലും അംഗമല്ലാത്തവരെ ക്ഷേമനിധി, പെൻഷൻ പദ്ധതി, ആരോഗ്യ ഇൻഷുറൻസ് എന്നിവയിൽ ചേർക്കുന്നു. താല്പര്യമുള്ള സ്ഥാപനങ്ങൾ ബന്ധപ്പെടുക.

ജില്ലാ കോർഡിനേറ്റർ : 8281876395

**ഫാ. ജേക്കബ് മാവുങ്കൽ**
ഡയറക്ടർ

# From the Bishop's Diary

**2014 സെപ്തംബർ**

1 – കൊടുന്തിരപ്പള്ളിയിൽ സ്റ്റാർസിന്റെ പുതിയകെട്ടിടത്തിനുള്ള ശില ആശിർവദിച്ചു സ്ഥാപിച്ചു.

– വള്ളിയോട് സെന്റ് മേരീസ് പോളിടെക്നിക്ക് കോളേജിന്റെ ഹോസ്റ്റ ലിന്റെ ആശിർവാദം നടത്തി. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

2 – വടക്കഞ്ചേരി ദൈവദാൻ സെന്റർ സന്ദർശിച്ചു.

3 – രൂപതാകാര്യാലയത്തിൽ ഫൊറോന വികാരിമാരുടെയും എപ്പാർക്കി യൽ അസംബ്ലിക്കുവേണ്ടി തിരഞ്ഞെടുക്കപ്പെട്ട ഫൊറോന പ്രതിനി ധികളുടെയും സമ്മേളനത്തിൽ ആദ്ധ്യക്ഷ്യംവഹിച്ചു.

– രൂപതാകാര്യാലയത്തിൽ രൂപതാവാർത്തപത്രികയെ സംബന്ധിച്ച ആലോചനായോഗത്തിൽ ആദ്ധ്യക്ഷ്യംവഹിച്ചു.

4 – മലമ്പുഴ കൃപാസദനിൽ വി. കുർബാനയർപ്പിച്ചു.

– കാലടി ശ്രീമൂലനഗരം പള്ളിയിൽ എറണാകുളം അങ്കമാലി അതിരൂ പതാംഗമായ ഫാ. ജോസഫ് വടക്കുഞ്ചേരിയുടെ മൃതദേഹസംസ്കാ രകർമ്മത്തിൽ സഹകാർമ്മികത്വം വഹിച്ചു.

– എറണാകുളം ലേയ്ക്ക്ഷോർ ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

5 – മണ്ണാർക്കാട് പ്രസാദമാതാ പള്ളിയിൽ പരി. മാതാവിന്റെ എട്ടുനോ മ്പാചരണത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

6 – മംഗലംഡാം സെന്റ് സേവ്യേഴ്സ് പള്ളിയിൽ ഡീ. ജിജീഷ് മുളങ്കു ന്നത്തിനും ഡീ. സനീഷ് മുളങ്കുന്നത്തിനും വൈദികപട്ടം നൽകി.

7 – രൂപതാകാര്യാലയത്തിൽ രൂപതയിലെ സന്ന്യാസസഭകളുടെ പ്രൊവിൻഷ്യൽസിന്റെ മീറ്റിംഗിൽ ആദ്ധ്യക്ഷ്യംവഹിച്ചു.

8 – അരമനകപ്പേളയിൽ രൂപതയുടെ റൂബിജൂബിലിദിനമായ ഇന്ന് സെഹി യോൻ മിഷണറി സിസ്റ്റേഴ്സ് ഓഫ് ദ പ്രസൻസ് ഓഫ് ജീസസ് എന്നപേരിൽ ബഹു. സേവ്യർഖാൻ വട്ടായിലച്ചൻ, ബഹു. ബിനോയ് കരിമരുതിങ്കൽ, സി. എയ്മി എമ്മാനുവൽ CMC എന്നിവർ സ്ഥാപിച്ച പയസ് യൂണിയനിലേക്ക് ആദ്യത്തെ മൂന്ന് അർത്ഥിനികളെ സ്വീകരി ക്കുന്ന ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു.

8-13– മുണ്ടൂർ യുവക്ഷേത്രയിൽ വൈദികരുടെ വാർഷികധ്യാനത്തിൽ സംബന്ധിച്ചു.

14 – പഴമ്പാലക്കോട് ശാന്തിനാഥ ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യ കാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബാനയർപ്പിച്ചു.





– കൊടുവായൂർ സെന്റ് തോമസ് ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

15 – പാസ്റ്ററൽ സെന്ററിൽ രൂപത പാസ്റ്ററൽ കൗൺസിൽ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യംവഹിച്ചു.

16 – രൂപതാകാര്യാലയത്തിൽ അസ്സോസിയേഷൻ ഓഫ് കാത്തലിക് കെയർ ഹോംസ് പ്രതിനിധികളുടെ സമ്മേളനത്തിൽ സന്ദേശം നൽകി.

– വെള്ളപ്പാറ സാൻജോ കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സ്റ്റഡീ സിൽ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സന്ദേശം നൽകി.

17 – ആയുർപാലന ആശുപത്രിയിൽ പഞ്ചകർമ്മ തെറാപ്പിയും യോഗ ട്രെയിനിംഗും പൂർത്തിയാക്കിയവർക്ക് ഔദ്യോഗിക വസ്ത്രവും സർട്ടി ഫിക്കറ്റും വിതരണം ചെയ്തു.

18 – തൃശൂർ അമല ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

19 – കലൂർ റിന്യൂവൽ സെന്ററിൽ കാത്തലിക് ഹോസ്പിറ്റൽ അസോസി യേഷൻ ഓഫ് ഇന്ത്യയുടെ (CHAI) കേരള ഘടകത്തിന്റെ Annual General Body Meeting ൽ ആദ്ധ്യക്ഷ്യംവഹിച്ചു.

– ധോണി മരിയൻ റിന്യുവൽ സെന്ററിൽ രാമനാഥപുരം രൂപത വൈദി കരുടെ ധ്യാനത്തിന് സമാപന സന്ദേശം നൽകി.

20 – താവളം ഹോളിട്രിനിറ്റി ഫൊറോനപള്ളിയുടെ സുവർണ്ണജൂബിലിയോ ടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. ജൂബിലി സ്മാരകമായി നിർമ്മിച്ച കാറ്റകെറ്റിക്കൽ ഹാൾ വെഞ്ചരിച്ചു, പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷ്യംവഹിച്ചു.

21 – ഷോളയൂർ സെന്റ് ആന്റണീസ് ദൈവാലയത്തിൽ വി. കുർബാന യർപ്പിച്ചു. പുതുതായി നിർമ്മിച്ച സെമിത്തേരിയും കപ്പേളയും വെഞ്ച രിച്ചു.

22 – കോയമ്പത്തൂർ ആവില കോൺവെന്റിൽ സി. മരിയല്ല സി.എം.സി. യുടെ മൃതദേഹത്തിൽ ഒപ്പീസുപാടി.

23 – രൂപതാകാര്യാലയത്തിൽ രൂപത ആലോചനസമിതിയംഗങ്ങളുടെയും Diocesan Society General Body അംഗങ്ങളുടെയും മീറ്റിംഗിൽ ആദ്ധ്യ ക്ഷ്യംവഹിച്ചു.

24 – സന്ന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

25 – പന്തലാംപാടം MSFS ആശ്രമത്തിൽ ഫാ. വർക്കി കൂവക്കൽ MSFSന്റെ മൃതദേഹസംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

– പൊൽപ്പുള്ളി സെന്റ് ഫ്രാൻസിസ് നോവിഷ്യേറ്റ് ഹൗസിൽ നോവീ സ്സസിന് ക്ലാസ്സെടുത്തു.